
അധ്യായം

2

# സാമൂഹ്യ പ്രവർത്തനത്തിന്റെ ഉത്ഭവവും വികാസവും




## പ്രധാന ആശയങ്ങൾ

2.1 സാമൂഹ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട ആശയങ്ങൾ

2.2 സാമൂഹ്യ പ്രവർത്തനത്തിന്റെ ചരിത്രപരമായ വികാസം

2.3 സാമൂഹ്യ പ്രവർത്തനവുമായി ബന്ധമുള്ള വിജ്ഞാന ശാഖകൾ

സാമൂഹിക പ്രവർത്തനമെന്നത് വ്യവസ്ഥിതമായും ശാസ്ത്രീയമായും വിവിധപ്രശ്നങ്ങളെയും സംഭവങ്ങളെയും കൈകാര്യം ചെയ്യുന്ന ഒരു തൊഴിൽ മേഖലയാണ്. അത് വ്യക്തികളെയും സംഘങ്ങളെയും സമുദായങ്ങളെയും ശക്തിപ്പെടുത്തുന്നു. സാമൂഹിക പ്രവർത്തനം നടത്തുന്നതിന് സവിശേഷമായ വിജ്ഞാനവും നൈപുണികളും സങ്കേതങ്ങളും ആവശ്യമാണ്.

സാമൂഹ്യ പ്രവർത്തനവുമായി ബന്ധിപ്പിക്കാവുന്ന മറ്റു ചില ആശയമേഖലകൾ കൂടിയുണ്ട്. എന്തൊക്കെ ആയിരിക്കാം ആ ആശയങ്ങൾ?

- ..................................................................

സാമൂഹ്യ സേവനം, സാമൂഹ്യ പരിഷ്കരണം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷ, സാമൂഹ്യ നിയമനിർമാണം, സാമൂഹ്യ നീതി, സാമൂഹ്യ ആരോഗ്യം എന്നിവ സാമൂഹ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട ചില ആശയങ്ങളാണ്.

പഴയ കാലത്ത് വീട്ടുടമകൾ യാത്രക്കാർക്ക് ഭക്ഷണവും താമസസൗകര്യങ്ങളും ഏർപ്പെടുത്താൻ വലിയ താൽപ്പര്യം കാണിച്ചിരുന്നു. അക്കാലത്ത് സമൂഹത്തിൽ പരസ് പരസഹായവും അന്യോന്യമുള്ള ബന്ധവും വളരെ കൂടുതലായിരുന്നു. ''പാരസ്പ ര്യവും സഹകരണവും സാമൂഹിക ജീവിതത്തിന്റെ ഭാഗമായി പരിഗണിക്കപ്പെട്ടിരുന്നു.'' ''മനുഷ്യസേവനം ഈശ്വരസേവനമാണ്'' (''*മാനവസേവ മാധവസേവ*'') എന്ന് ജനങ്ങൾ വിശ്വസിച്ചിരുന്നു. ധർമദാന വ്യവസ്ഥിതിയുടെ (charity system) വിവിധ സമ്പ്രദായങ്ങൾ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നു. മഹാനായ ഭരണാധികാരിയാ യിരുന്ന അശോകനെ കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടോ? ജനങ്ങളുടെ ക്ഷേമത്തിന് വേണ്ടി അദ്ദേഹം എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളത്?

- ..................................................................

ജനക്ഷേമത്തിനായി അദ്ദേഹം സത്രങ്ങൾ, ആശുപത്രികൾ തുടങ്ങിയ നിരവധി പുരോഗമനപരമായ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. പുരാതനകാലങ്ങളിൽ ഭരണകർത്താക്കൾ ജനങ്ങളോട് *ദാനം* ചെയ്യാൻ വേണ്ടി പ്രോത്സാഹിപ്പിച്ചിരുന്നു. *ദാനം* ചെയ്യുന്നത് വ്യക്തിയുടെ ആത്മ ശുദ്ധീകരണത്തിനുള്ള മാർഗമായാണ് മനസ്സിലാക്ക പ്പെട്ടിരുന്നത്. അത് ഒരേസമയം ദാതാവിനും സ്വീകർത്താവിനും ആശ്വാസകരമായി പരിഗണിക്കപ്പെട്ടിരുന്നു. എല്ലാ മതങ്ങളിലും ഈ സമ്പ്രദായം നിലനിന്നിരുന്നു. *സക്കാത്ത്* നൽകുക എന്നത് അപ്രകാരം മുസ്ലീങ്ങൾക്കിടയിൽ നില നിൽക്കുന്ന ഒരു സമ്പ്രദായമാണ്. നമ്മുടെ സമൂഹത്തിൽ പ്രബലമായിരുന്ന കൂട്ടുകുടുംബവ്യവസ്ഥിതി ആ കുടുംബത്തിലെ ഓരോ അംഗത്തിന്റെയും ക്ഷേമം ഉറപ്പു വരുത്തിയിരുന്നു.

എന്നാൽ ഇപ്പോൾ അത്തരം ശീലങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ സാമൂഹിക വ്യവസ്ഥിതിയിലുണ്ടായ പ്രധാനപ്പെട്ട മാറ്റങ്ങൾ എന്തൊക്കെയാണ്?

- ..................................................................

ത്വരിതഗതിയിലുള്ള വ്യവസായവൽക്കരണം, നഗരവൽക്കരണം, ആഗോളവൽക്കരണം തുടങ്ങിയവ നമ്മുടെ സമൂഹത്തിൽ നിരവധി പ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അത്തരം പ്രശ്നങ്ങളെ നേരിടാൻ സമൂഹം ചില പ്രത്യേകമായ സംവിധാനങ്ങൾ വികസിപ്പി ച്ചെടുത്തിട്ടുണ്ട്. സാമൂഹ്യ സേവനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ സുരക്ഷ, സാമൂഹ്യ പരിഷ്കരണം, സാമൂഹ്യ നിയമനിർമാണം തുടങ്ങിയവ അതിൽ ചിലതാണ്. സാമൂഹ്യ പ്രവർത്തനം എന്ന ആധുനിക തൊഴിലുമായി ഇവയ്ക്ക് അഭേദ്യമായ ബന്ധമുണ്ട് എന്ന കാരണത്താൽ ഈ സംവിധാനങ്ങളെക്കുറിച്ചുള്ള ചർച്ചകൾക്ക് വളരെയേറെ പ്രസക്തിയുണ്ട്.

## 2.1 സാമൂഹ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട ആശയങ്ങൾ

ഈ ഭാഗത്ത് നാം ചർച്ച ചെയ്യുന്നത് താഴെ പറയുന്ന ആശയങ്ങളാണ്.

A) സാമൂഹ്യ സേവനം　　B) സാമൂഹ്യ ക്ഷേമം

C) സാമൂഹ്യ പരിഷ്കരണം　　D) സാമൂഹ്യ സുരക്ഷ

E) സാമൂഹ്യ നീതി F) സാമൂഹ്യ ആരോഗ്യം

G) സാമൂഹ്യ നിയമ നിർമാണം

**A) സാമൂഹ്യ സേവനം**

നിങ്ങൾ എപ്പോഴെങ്കിലും ആരെയെങ്കിലും സഹായിച്ചിട്ടുണ്ടോ? നിങ്ങളുടെ അനുഭവം പങ്കുവയ്ക്കൂ.

- ...................................................................

വ്യക്തികൾക്ക് സഹായം ചെയ്യാൻ നിങ്ങൾക്ക് എന്തെങ്കിലും പരിശീലനം ആവശ്യമുണ്ടോ? ഒരു വൃദ്ധനെ റോഡ് മുറിച്ചുകടക്കാൻ സഹായിക്കുന്നതിൽ നമുക്ക് എന്തെങ്കിലും പരിശീലനം ആവശ്യമുണ്ടോ?

- ...................................................................

സമൂഹം, അതിലെ അംഗങ്ങൾ ചിലപ്രശ്നങ്ങൾ നേരിടുമ്പോൾ, അടിയന്തിര ആശ്വാസത്തിനുവേണ്ടി നൽകുന്ന സഹായത്തിനാണ് സാമൂഹ്യ സേവനം എന്ന് പറയുന്നത്. ഒരു വ്യക്തിക്കോ സംഘത്തിനോ പണത്തിന്റെയോ അനുകമ്പയുടെയോ രൂപത്തിൽ നൽകുന്ന താൽക്കാലിക സേവനമാണ് സാമൂഹ്യ സേവനം. ഒരു ആവശ്യക്കാരന് സന്നദ്ധസേവകൻ നൽകുന്ന സേവനമാണ് ഇത്. സ്വയംസഹായയിക്കാൻ ഒരു വ്യക്തിയെ ഇത് പ്രാപ്തനാക്കുന്നില്ല. സാമൂഹ്യ സേവനം ചെയ്യുന്നതിന് പ്രത്യേക പരിശീലനം ആവശ്യമില്ല. നമ്മുടെ സഹായം ആവശ്യമുള്ള ഒരു വ്യക്തിയെ സഹായിക്കാൻ സന്നദ്ധതയുള്ള ഒരു നല്ല മനസ്സ് നമുക്ക് വേണമെന്ന് മാത്രം. സാമൂഹ്യ സേവനത്തിന് സമാനമായ ചില ഉദാഹരണങ്ങൾ നിർദ്ദേശിക്കാമോ?

- ...................................................................


സുനാമി ദുരന്തത്തിന് ഇരയായവർക്ക് പഴയ വസ്ത്രങ്ങൾ നൽകുക, പാവങ്ങൾക്ക് ദാന ധർമങ്ങൾ ചെയ്യുക എന്നിവ സാമൂഹ്യ സേവനത്തിന്റെ ചില ഉദാഹരണങ്ങളാണ്.



സാമൂഹിക സേവനത്തിന്റെ സവിശേഷതകൾ താഴെപറയുന്നവയാണ്.

- ഇത് താൽക്കാലികമായ സഹായമാണ്.
- ഇത് സന്നദ്ധസേവനമാണ്.
- ഇത് ദാനധർമ്മ പ്രവർത്തനമാണ്.
- പ്രത്യേകമായ പരിശീലനം ആവശ്യമില്ല.
- പ്രതിഫലം ലഭിക്കുകയില്ല.
- ഏത് വ്യക്തിക്കും ചെയ്യാൻ കഴിയുന്ന കാര്യമാണ്.

## B) സാമൂഹ്യ ക്ഷേമം



താഴെ നൽകിയിരിക്കുന്ന സംഭവം വായിച്ചുനോക്കൂ.

*വീണ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബത്തിലെ അംഗമാണ്. അവളുടെ കുടുംബത്തിന് സ്വന്തമായി വീട് ഇല്ല. അവളുടെ പിതാവ് വിട്ടുമാറാത്ത രോഗമുള്ളയാളാണ്. വീണ തന്റെ പ്രശ്നങ്ങളെക്കുറിച്ച് ക്ളാസ്സ് ടീച്ചറോട് സംസാരിച്ചു. ടീച്ചർ അവളുടെ പ്രശ്നം ഗ്രാമസഭയിൽ ചർച്ച ചെയ്യാമെന്നേറ്റു. ഇന്ദിര ആവാസ് യോജന (IAY) പദ്ധതിയിൽപ്പെടുത്തി വീണയ്ക്ക് വീട് നിർമിക്കാൻ വേണ്ടി നിശ്ചിത തുക അനുവദിക്കാൻ ഗ്രാമസഭ തീരുമാനിച്ചു.*

മേൽ സൂചിപ്പിച്ച പ്രവർത്തനത്തിന്റെ പേര് പറയാമോ ?

- ..................................................................

ഇതുപോലുള്ള വിവിധ പദ്ധതികളിൽപ്പെടുത്തി, പാവപ്പെട്ട ആളുകൾക്ക് സഹായം എത്തിക്കുന്ന പ്രവർത്തനങ്ങൾ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ എന്നറിയപ്പെടുന്നു. സാമൂഹ്യ ക്ഷേമം എന്നത് വ്യക്തിയുടെയും സമുദായത്തിന്റെയും പൂർണമായ സുസ്ഥിതിയയെ സൂചിപ്പിക്കുന്നു. ഓരോ വ്യക്തിക്കും അടിസ്ഥാനപരമായ സാമ്പത്തിക സൗകര്യങ്ങൾ, ഉയർന്ന നിലവാരത്തിലുള്ള ആരോഗ്യം, മാന്യമായ ജീവിത സാഹചര്യങ്ങൾ, തുല്യ അവസരങ്ങൾ എന്നിവ ഉറപ്പുവരുത്തുക, പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതിക്കാർ, പട്ടികവർഗക്കാർ, വിധവകൾ, വൃദ്ധർ, കുട്ടികൾ, തൊഴിൽരഹിതർ തുടങ്ങിയ വിഭാഗങ്ങളിൽപ്പെടുന്നവർക്ക് സുസ്ഥിതി ഉറപ്പാക്കുക എന്നിവ സാമൂഹ്യ ക്ഷേമത്തിന്റെ ലക്ഷ്യമാണ്. തൃപ്തികരമായ ജീവിതനിലവാരവും ആരോഗ്യവും നേടിയെടുക്കുന്നതിന് വേണ്ടി വ്യക്തികളെയും സംഘങ്ങളെയും സഹായിക്കുന്നതിനായി രൂപകൽപ്പന ചെയ്യപ്പെട്ട സാമൂഹ്യ സേവനങ്ങളുടെ സംഘടിത വ്യവസ്ഥിതിയാണ് 'സാമൂഹ്യ ക്ഷേമം'. സാമൂഹ്യക്ഷേമ പദ്ധതികളെയും അതിന്റെ ഗുണഭോക്താക്കളെയും പരസ്പരം ബന്ധിപ്പിക്കാൻ സാമൂഹ്യ പ്രവർത്തകർ അവസരമൊരുക്കുന്നു.

'ഒരു പൗരന്റെ ഭൗതികവും മാനസികവും ആയ സുസ്ഥിതിയെ ബന്ധപ്പെടുത്തികൊണ്ട് മാന്യമായ ജീവിതത്തിന് വേണ്ടുന്ന അടിസ്ഥാന നിലവാരം ഉറപ്പുവരുത്താനുള്ള സംഘടിത ശ്രമം''എന്നാണ് സോഷ്യൽ വർക്കിന്റെ എൻസൈക്ലോപീഡിയയിൽ സാമൂഹ്യ ക്ഷേമത്തെ നിർവചിച്ചിരിക്കുന്നത്.

സാമൂഹ്യ പ്രവർത്തനത്തിന്റെ ദേശീയ സമിതിയുടെ (National Association of Social Work-NASW) അഭിപ്രായത്തിൽ സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവും ആരോഗ്യപരവുമായ ആവശ്യങ്ങൾ നിർവഹിക്കുന്നതിന് ജനങ്ങളെ സഹായിക്കുന്ന സേവനങ്ങൾ, ആനുകൂല്യങ്ങൾ, പരിപാടികൾ എന്നിവക്കായി രാജ്യത്ത് നിലവിലുള്ള സംവിധാനത്തെയാണ് സാമൂഹ്യക്ഷേമം എന്ന് പറയുന്നത്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യ സേവനത്തിന്റെ ഏതെങ്കിലും മൂന്നു സവിശേഷതകൾ തിരിച്ചറിയുക.
2. സാമൂഹ്യ ക്ഷേമത്തിന് നിങ്ങളുടെതായ നിർവചനം വികസിപ്പിക്കുക.

### C) സാമൂഹ്യ പരിഷ്ക്കരണം



മുകളിലെ ചിത്രത്തിൽ കാണുന്ന ആചാരം എന്താണെന്ന് തിരിച്ചറിയാമോ?

- ....................................................................

പഴയ കാലത്ത് നമ്മുടെ രാജ്യത്ത് നിലവിലുണ്ടായിരുന്ന *സതി* സമ്പ്രദായമാണ് ഈ ചിത്രത്തിൽ കാണുന്നത്. പുരാതന ഇന്ത്യയിൽ നിലനിന്നിരുന്ന മറ്റു ചില സാമൂഹ്യ ദുരാചാരങ്ങളെ പട്ടികപ്പെടുത്താമോ ?

- ....................................................................

തൊട്ടുകൂടായ്മ, ബാല്യ വിവാഹം, *സതി* തുടങ്ങിയ വിവിധ സാമൂഹ്യ ദുരാചാരങ്ങൾ നമ്മുടെ സമൂഹത്തിൽ പ്രബലമായിരുന്നു. ഇത്തരം ആചാരങ്ങൾ സമൂഹത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തി. സമൂഹത്തിൽ മാറ്റമോ പുരോഗമനമോ ഉണ്ടാക്കുന്ന പ്രക്രിയയാണ് സാമൂഹ്യ പരിഷ്കരണം. ''സാമൂഹ്യ മനോഭാവങ്ങളിലും സാമൂഹ്യ മൂല്യങ്ങളിലും സാമൂഹ്യ സ്ഥാപനങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരാനുള്ള ബോധപൂർവമായ ശ്രമങ്ങൾ'' സാമൂഹ്യ പരിഷ്കരണത്തിൽ ഉൾപ്പെടുന്നു. നിരന്തരപ്രേരണ,

പൊതു വിദ്യാഭ്യാസം എന്നീ പ്രക്രിയകളിലൂടെ ഇത് നേടിയെടുക്കാനാകും. താഴെ നൽകിയിരിക്കുന്ന സാമൂഹ്യ പരിഷ്കർത്താക്കളുടെ ചിത്രങ്ങൾ നിരീക്ഷിച്ച് അവർ ആരൊക്കെയാണ് എന്ന് തിരിച്ചറിയാൻ ശ്രമിക്കൂ.



***a.*** .................. ***b.*** .................. ***c.*** .................. ***d.*** ..................

സാമൂഹ്യ ഘടനയിൽ മാറ്റം വരുത്തുന്നതിലൂടെ സാമൂഹ്യ പുരോഗതി നേടിയെടുക്കാൻ കഴിയും എന്ന് ഈ പരിഷ്കർത്താക്കൾ വിശ്വസിച്ചു. *സതി* നിർത്തലാക്കാൻ കഴിഞ്ഞത് രാജാ റാം മോഹൻ റോയിയുടെ പരിശ്രമ ഫലമായാണ്. ജാതി വിവേചനത്തിനും തൊട്ടു കൂടായ്മയ്ക്കും എതിരേ ശ്രീ നാരായണ ഗുരു നടത്തിയ പോരാട്ടങ്ങളും മുസ്ലീങ്ങളുടെ വിദ്യാഭ്യാസ ഉന്നമനത്തിന് വേണ്ടി സർ സയ്യിദ് അഹമ്മദ് ഖാൻ നടത്തിയ ശ്രമങ്ങളും വി.ടി. ഭട്ടതിരിപ്പാട് ബ്രാഹ്മണർക്കിടയിൽ സ്ത്രീകളുടെ അവകാശങ്ങൾക്ക് വേണ്ടി നടത്തിയ പോരാട്ടവും ദളിത് ഉന്നമനത്തിന് വേണ്ടിയുള്ള അയ്യങ്കാളിയുടെ ശ്രമങ്ങളും സാമൂഹ്യ പരിഷ്കരണ പ്രവർത്തനങ്ങൾക്ക് ഉദാഹരണമാണ്.

**നമുക്ക് പ്രവർത്തിക്കാം**



*സാമൂഹ്യ പരിഷ്കർത്താക്കളെ കുറിച്ചും അവർ സമൂഹത്തിന് നൽകിയ സംഭാവനകളെ കുറിച്ചും കൂടുതൽ വിവരങ്ങൾ ശേഖരിക്കുക.*

**D) സാമൂഹ്യ സുരക്ഷ**

നിങ്ങളുടെ രക്ഷിതാക്കൾക്ക് ലൈഫ് ഇൻഷുറൻസ് പോളിസികൾ ഉണ്ടോ?

- ..............................................................

ജീവിതത്തിൽ അത്യാഹിതങ്ങൾ സംഭവിക്കുന്നത് വലിയ അളവിൽ വർദ്ധിച്ചിട്ടുണ്ട്. ജീവിതത്തിൽ ഏത് ഘട്ടത്തിലും സംഭവിക്കാവുന്ന ചില അപകടങ്ങൾക്ക് എതിരെ സമൂഹം അതിലെ അംഗങ്ങൾക്ക് നൽകുന്ന സംരക്ഷണത്തിനാണ് സാമൂഹ്യ സുരക്ഷ എന്ന് പറയുന്നത്. രോഗം, തൊഴിലില്ലായ്മ, വാർദ്ധക്യം, ആശ്രയത്വം തുടങ്ങിയ ആധുനിക ജീവിതത്തിലെ ആകസ്മികതകൾക്കെതിരെയുള്ള സുരക്ഷാ പരിപാടിയാണിത്. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ (International Labour Organization) അഭിപ്രായത്തിൽ "സമൂഹം, അതിലെ അംഗങ്ങൾക്ക് സംഭവിക്കാവുന്ന ചില അപകടങ്ങൾക്കെതിരെ, ഉചിതമായ സംവിധാനങ്ങളിലൂടെ ലഭ്യമാക്കുന്ന സുരക്ഷക്കാണ് സാമൂഹ്യസുരക്ഷ" എന്ന് പറയുന്നത്.

സാമൂഹ്യ സുരക്ഷയെ രണ്ടായി തരംതിരിക്കാം:

a. സാമൂഹ്യ സഹായം  b. സാമൂഹ്യ ഇൻഷുറൻസ്

### a. സാമൂഹ്യ സഹായം

വ്യക്തികൾക്കും കുടുംബങ്ങൾക്കും അവരുടെ ആകസ്മിക ഘട്ടങ്ങളിൽ സർക്കാർ നൽകുന്ന സാമ്പത്തിക സഹായമാണിത്. ഇവിടെ സഹായം ലഭിക്കുന്നതിന് വ്യക്തികൾ ഒരിക്കലും വിഹിതം കൊടുക്കേണ്ടതില്ല. കടുത്ത വെള്ളപ്പൊക്കത്തിൽ വീട് നഷ്ടപ്പെട്ട ഒരു കുടുംബം ജില്ലാ കളക്ടറിൽ നിന്ന് സ്വീകരിക്കുന്ന സാമ്പത്തിക സഹായം സാമൂഹ്യ സഹായത്തിന് ഉദാഹരണമാണ്. സാമൂഹ്യ സഹായത്തിന് മറ്റു ചില ഉദാഹരണങ്ങൾ കൂടി കണ്ടെത്തിയെഴുതാമോ?

- ..................................................................

അപകടങ്ങൾക്ക് ഇരയായവർക്ക് സർക്കാർ നൽകുന്ന സഹായം, ക്യാൻസർ രോഗികൾക്ക് *കാരുണ്യ ഫണ്ട്* വിനിയോഗിച്ച് നൽകുന്ന സഹായം മുതലായവ സാമൂഹ്യ സേവനത്തിന് ഉദാഹരണങ്ങളാണ്.

### b. സാമൂഹ്യ ഇൻഷുറൻസ്

ജീവിതത്തിൽ ചില അപകടങ്ങൾ നേരിടുമ്പോൾ ഒരു വ്യക്തിയെ സാമ്പത്തികമായി സഹായിക്കുന്നതാണ് സോഷ്യൽ ഇൻഷുറൻസ് സംവിധാനം. ഈ പദ്ധതിയുടെ കീഴിൽ സാമ്പത്തിക സഹായം ലഭിക്കുന്നതിന് വേണ്ടി ഇൻഷർ ചെയ്യപ്പെട്ട വ്യക്തി പതിവായി ഒരു നിശ്ചിത തുക നൽകേണ്ടതുണ്ട്. വിവിധ ഇൻഷുറൻസ് കമ്പനികളുടെ ഇൻഷുറൻസ് പദ്ധതികൾ, പ്രോവിഡന്റ് ഫണ്ട് (PF), സർക്കാർ സംവിധാനത്തിന്റെ കീഴിൽ വരുന്ന എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷൂറൻസ് (ESI) തുടങ്ങിയവ സോഷ്യൽ ഇൻഷുറൻസിന് ഉദാഹരണങ്ങളാണ്.

**നമുക്ക് പ്രവർത്തിക്കാം**

*ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിന്നും പത്രങ്ങളിൽ നിന്നും സാമൂഹ്യ സഹായത്തിന്റെ കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തി പട്ടിക തയ്യാറാക്കുക.*

### E) സാമൂഹ്യ നീതി


താഴെ കൊടുത്ത ചിത്രം നിരീക്ഷിക്കുക.



എന്താണ് മനസ്സിലാവുന്നത്?

- ..................................................................

തന്റെ കൂട്ടുകാർ ഉല്ലാസത്തോടെ സ്കൂളിലേക്ക് പോകുമ്പോൾ ചെറുപ്രായത്തിൽ തന്നെ തൊഴിലെടുക്കാൻ നിർബന്ധിക്കപ്പെടുന്ന ഒരു ബാലന്റെ ദുരിത പൂർണമായ അവസ്ഥയാണ് ഈ ചിത്രം കാണിക്കുന്നത്. ഈ കുട്ടിക്ക് നീതി നിഷേധിക്കപ്പെട്ടു എന്നത് വ്യക്തമാണ്. വയസ്സ്, മതം, ജാതി, ലിംഗം, മറ്റു സാമൂഹ്യ-സാമ്പത്തിക നിലകൾ എന്നിവയൊന്നും പരിഗണിക്കാതെ വിഭവങ്ങൾ ആർജിക്കാനുള്ള തുല്യ അവസരം ആളുകൾക്ക് ലഭ്യമാകണമെന്ന് ആവശ്യപ്പെടുന്നതാണ് സാമൂഹ്യ നീതി. വിദ്യാഭ്യാസം, തൊഴിൽ, ഭരണം, മറ്റു ക്ഷേമ നടപടികൾ എന്നിവ എല്ലാവർക്കും നീതിപൂർണമായ



രീതിയിൽ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് സാമൂഹ്യ നീതി ആവശ്യപ്പെടുന്നു. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, കർഷകർ, ഗോത്രവിഭാഗങ്ങൾ, സമൂഹത്തിലെ മറ്റ് ദുർബല വിഭാഗങ്ങൾ എന്നിവർക്ക് സാമൂഹ്യ നീതി നിഷേധിക്കപ്പെടുന്നുണ്ട് എന്ന വസ്തുത സാമൂഹ്യ പ്രവർത്തനം എന്ന തൊഴിലിന്റെ ഉത്തരവാദിത്വം പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു.

### F) സാമൂഹ്യ ആരോഗ്യം

സാമൂഹ്യ കർത്തവ്യനിർവഹണവും ക്രമീകരണവും പ്രോത്സാഹിപ്പിക്കുന്ന സാമൂഹ്യ ഇടപെടലിനെ സൂചിപ്പിക്കാനാണ് സാമൂഹ്യ ആരോഗ്യം എന്ന സംജ്ഞ പൊതുവെ ഉപയോഗിക്കാറുള്ളത്. ഒരാൾക്ക് മറ്റൊരാളുമായി ബന്ധം സ്ഥാപിക്കാനുള്ള കഴിവിനെയാണ് ഇത് സൂചിപ്പിക്കുന്നത്. സമൂഹത്തിലെ അംഗങ്ങളോട് മറ്റുള്ളവർ എങ്ങനെയാണ് ഇടപെടുന്നത് എന്നും അവർ പരസ്പരം എങ്ങനെയാണ് പെരുമാറുന്നത് എന്നും ഇത് വെളിപ്പെടുത്തുന്നു. വ്യക്തിയുടെ ആരോഗ്യത്തിൽ സാമൂഹ്യ ആരോഗ്യത്തിന് വളരെ പ്രാധാന്യമുണ്ട്.

ഒരു വ്യക്തിക്ക് എങ്ങനെയാണ് മറ്റുള്ളവരുമായി സാമൂഹ്യവൽക്കരിക്കാനും ബന്ധങ്ങൾ രൂപീകരിക്കാനും സാധിക്കുക എന്ന വിഷയമാണ് സാമൂഹിക ആരോഗ്യം പൊതുവേ കൈകാര്യം ചെയ്യുന്നത്. ആരോഗ്യത്തിന്റെ വ്യത്യസ്ത തലങ്ങൾ പരസ്പര ബന്ധിതമാണ്. രോഗങ്ങൾ മറികടക്കുന്നതിന് സാമൂഹ്യ ഇടപെടലുകൾ ഒരു പ്രധാന ഘടകമാണ് എന്ന് ശാരീരിക-മാനസിക ആരോഗ്യ-മേഖലയിൽ പ്രവർത്തിക്കുന്നവർ അംഗീകരിച്ച് തുടങ്ങിയിട്ടുണ്ട്.

### G) സാമൂഹ്യ നിയമ നിർമാണം

നമ്മുടെ സമൂഹത്തിലെ സ്ത്രീധന സമ്പ്രദായം നിങ്ങൾക്ക് പരിചയമുണ്ടാകും. ഈ സാമൂഹ്യ തിന്മയെ തടയാൻ കഴിയുന്ന മാർഗങ്ങളിൽ ചിലത് പട്ടികപ്പെടുത്താമോ?

- ..................................................................

ബോധവൽക്കരണം, കൂട്ടായ തീരുമാനം തുടങ്ങിയവ അത്തരം ദുരാചാരങ്ങളെ തടയാനുള്ള ചില മാർഗങ്ങളാണ്. ജനങ്ങളുടെ സ്വഭാവത്തെ നിയന്ത്രിക്കാൻ ഭരണകൂടം നിയമങ്ങൾ രൂപീകരിക്കുന്നു. സാമൂഹ്യ ദുരാചാരങ്ങളെയും പ്രശ്നങ്ങളെയും നിയന്ത്രിക്കുന്നതിനോ ക്രമപ്പെടുത്തുന്നതിനോ ആയി ഔദ്യോഗിക നിയമങ്ങൾ രൂപീകരിക്കുന്നതിനെയാണ് സാമൂഹ്യ നിയമനിർമാണം എന്ന് പറയുന്നത്.

സാമൂഹ്യ ദുരാചാരങ്ങൾക്കെതിരെയുള്ള ചില നിയമങ്ങളെ പട്ടികപ്പെടുത്താമോ?

- ..................................................................

സ്ത്രീധന നിരോധന നിയമം, ഉപഭോക്തൃ സംരക്ഷണ നിയമം, വിധവ പുനർ വിവാഹ നിയമം, ബാലനീതി നിയമം, അപഥസഞ്ചാര നിരോധന നിയമം തുടങ്ങിയവ സാമൂഹ്യ നിയമ നിർമാണത്തിന്റെ ചില ഉദാഹരണങ്ങളാണ്.

ഒരു അംഗീകൃത സംഘത്താൽ നിർമിക്കപ്പെടുകയും സമൂഹം അതിന്റെ ഉത്തരവാദിത്വം എന്ന നിലയിൽ നടപ്പിലാക്കുകയും ചെയ്യുന്ന ഒരു കൂട്ടം നിയമങ്ങളെയാണ് സാമൂഹ്യ നിയമങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത്.

**സാമൂഹ്യനിയമ നിർമാണത്തിന്റെ ഉദ്ദേശ്യങ്ങൾ**

സാമൂഹ്യ നിയമ നിർമ്മാണത്തിന്റെ ചില ഉദ്ദേശ്യങ്ങൾ താഴെ ചേർക്കുന്നു:

- സമുദായസൗഹാർദം പ്രോത്സാഹിപ്പിക്കുക.
- അവകാശങ്ങൾ ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ അനീതിയിൽ നിന്ന് സംരക്ഷിക്കുകയും ചെയ്യുക.
- സമൂഹത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുക.
- സാമൂഹ്യ സാമ്പത്തിക സറിതി മെച്ചപ്പെടുത്തുക.
- പരാതികൾ പരിഹരിക്കുക.
- സാമൂഹ്യ നിയന്ത്രണത്തിലൂടെ സാമൂഹിക ക്രമം കൊണ്ടുവരിക.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യ തിന്മകളെ തടയുന്നതിൽ സാമൂഹ്യ നിയമനിർമാണത്തിന്റെ പ്രാധാന്യം സൂചിപ്പിക്കുക.
2. സാമൂഹ്യ നീതി എന്നതുകൊണ്ട് നിങ്ങൾ എന്താണ് അർത്ഥമാക്കുന്നത്?
3. സാമൂഹ്യ ആരോഗ്യം വിശദീകരിക്കുക.
4. വിഹിതം നൽകാതെ സഹായം ലഭ്യമാകുന്ന സാമൂഹ്യ സുരക്ഷ സംവിധാനത്തിന്റെ പേര് പറയുക.

## 2.2 സാമൂഹ്യ പ്രവത്തനത്തിന്റെ ചരിത്രപരമായ വികാസം

മറ്റു വിജ്ഞാനശാഖകളെപ്പോലെ നൂറ്റാണ്ടുകളിലൂടെയാണ് സാമൂഹ്യ പ്രവർത്തനവും വികസിതമായത്. ഈയടുത്താണ് ഈ വിജ്ഞാനശാഖക്ക് ഉദ്യോഗസംബന്ധ പദവി കൈവന്നത്. ദാനപ്രവർത്തനം, സാമൂഹ്യ സേവനം, ക്ഷേമ നടപടികൾ തുടങ്ങിയവയിലൂടെയാണ് ഇത് വികസിതമായത്. ബ്രിട്ടൻ, അമേരിക്കൻ ഐക്യനാടുകൾ, ഇന്ത്യ എന്നീ രാജ്യങ്ങളിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിണാമത്തിലൂടെ നമുക്കൊന്ന് കടന്നു പോകാം.

## A. ബ്രിട്ടനിലെ സാമൂഹ്യ പ്രവത്തനത്തിന്റെ പരിണാമം

മിക്കവാറും മതങ്ങൾ മറ്റു ജനങ്ങളെ സഹായിക്കേണ്ടതിന്റെ ആവശ്യകതക്ക് ഊന്നൽ നൽകിയിട്ടുണ്ട്. എലിസബത്ത് രാജ്ഞിയുടെ ഭരണകാലത്ത് അധികാരികൾ ദരിദ്രരെ സഹായിച്ചിരുന്നു. അത്തരം പരോപകാര പ്രവർത്തനങ്ങൾ ''നിർധനർക്കുള്ള സഹായം'' (Relief of the paupers) എന്നറിയപ്പെട്ടിരുന്നു. ദാരിദ്ര്യം, ശിശു അവഗണന, മറ്റു സാമൂഹ്യ തിന്മകൾ എന്നിവയാൽ അസ്വസ്ഥരായ വിക്ടോറിയൻ പരിഷ്കർത്താക്കളായിരുന്നു ഇന്നത്തെ സാമൂഹ്യ ക്ഷേമ സേവനങ്ങളുടെ മുൻഗാമികൾ. നിരാലംബർക്ക് ആശ്വാസം, മാനവ സ്നേഹപ്രവർത്തനം, സംഘടിത ധാർമിക പ്രവർത്തനം എന്നിങ്ങനെയുള്ള വിവിധ പേരുകൾകൊണ്ടാണ് ഇത്തരം സേവനങ്ങളെ അവർ വിശേഷിപ്പിച്ചിരുന്നത്. ബ്രിട്ടനിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ ചരിത്രം വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോയിട്ടുണ്ട്.

### a. A.D. 1200 മുതൽ 1500 വരെ

മതത്തിന്റെ തുടക്കകാലം മുതൽ നിസ്സഹായരായ വിധവകൾക്കും അനാഥർക്കും രോഗികൾക്കും സംരക്ഷണം നൽകുന്നതിൽ പുരോഹിതർ നേതൃത്വം വഹിച്ചിട്ടുണ്ട്. മരണാനന്തര ജീവിതത്തിന് വേണ്ടി സൽപ്രവർത്തനങ്ങളുടെ പുണ്യം കാത്തുസൂക്ഷിച്ച് ദൈവത്തിന്റെ അനുഗ്രഹം നേടിയെടുക്കാനുള്ള ആഗ്രഹമായിരുന്നു പ്രാഥമികമായി ധാർമിക പ്രവർത്തനത്തെ പ്രോത്സാഹിപ്പിച്ചത്. പതിനാലാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ പാവങ്ങളെ ശാരീരികപ്രാപ്തിയുള്ളവർ എന്നും ഉപേക്ഷിക്കപ്പെട്ടവർ എന്നും രണ്ടായി വിഭജിച്ചിരുന്നു.

### b. A.D 1501 മുതൽ 1600 വരെ

ഈ കാലഘട്ടത്തിൽ ശാരീരിക പ്രാപ്തിയുള്ള യാചകർക്ക് ദാനധർമങ്ങൾ നൽകുന്നതിൽ നിന്ന് പൗരന്മാരെ നിരുത്സാഹപ്പെടുത്തിയിരുന്നു. 1531-ൽ ഹെൻറി ആറാമൻ നിയന്ത്രിത മേഖലകളിൽ യാചിക്കുന്നതിന് ലൈസൻസ് ഏർപ്പെടുത്തി. മാത്രമല്ല ഈ നിയമം ലംഘിക്കുന്നവർക്ക് ശിക്ഷയും ഏർപ്പെടുത്തുകയുണ്ടായി. 1572-ൽ എലിസബത്ത് രാജ്ഞി ദരിദ്രർക്ക് മേൽനോട്ടക്കാരെ നിയമിക്കുകയും ദരിദ്രരെ സംരക്ഷിക്കുന്നതിന് വേണ്ടി പൊതുനികുതി അവതരിപ്പിക്കുകയും ചെയ്തു. അങ്ങനെ ദരിദ്രപരിപാലനം ഭരണകൂടത്തിന്റെ ഉത്തരവാദിത്വമായി മാറി.

ക്രൈസ്തവ ദേവാലയങ്ങൾ, പ്രത്യേകിച്ച് ആശ്രമങ്ങൾ, ആലംബഹീനർക്കും ഭിന്നശേഷിക്കാർക്കുമുള്ള സാന്ത്വന കേന്ദ്രങ്ങളുടെ ദൗത്യം നിർവഹിച്ചിരുന്നു. വ്യക്തികളെയും അവരുടെ അവസ്ഥകളെയും അറിയുന്ന ഇടവകകളും മറ്റു വൈദികരും സംഭാവനകൾ ശേഖരിക്കുകയും വിതരണം ചെയ്യുകയും ചെയ്തിരുന്നു. പാവങ്ങളുടെ സ്ഥിതി മെച്ചപ്പെടുത്താൻ ഏതെങ്കിലും തരത്തിലുള്ള ശാശ്വത പരിഹാരം നൽകാനുള്ള ശ്രമങ്ങൾ ക്രൈസ്തവസഭകൾ നടത്തിയിരുന്നില്ല. പിന്നീട് ഈ ഉത്തരവാദിത്വം പള്ളിയിൽ നിന്നും ഭരണകൂടത്തിലേക്ക് മാറി.

### c. A.D. 1600 മുതൽ 1800 വരെ

1601-ൽ അവതരിപ്പിക്കപ്പെട്ട ''എലിസബത്ത് രാജ്ഞിയുടെ നിർധന നിയമം'' (Elizabethan Poor Law) സംഘടിത സാമൂഹ്യക്ഷേമ ചരിത്രത്തിലെ നാഴിക ക്കല്ലാണ്. ഈ നിയമം യോഗ്യരായ ദരിദ്രർക്ക് പല വിധത്തിലുള്ള ദുരിതാശ്വാസ വ്യവസ്ഥകൾ ഉറപ്പുവരുത്തി. ഈ നിയമം ശാരീരികമായി കഴിവുള്ളവരെ 'തൊഴിൽശാലകളിൽ' ജോലിചെയ്യാൻ നിർബന്ധിച്ചു. ദരിദ്രരായ വ്യക്തികളെ ശരീരപ്രാപ്തിയുള്ളവർ, ബലഹീനരായ ദരിദ്രർ, ആശ്രിതരായ കുട്ടികൾ എന്നിങ്ങനെ മൂന്നു വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു. നിർധനനിയമം നടപ്പിലാ ക്കാൻ 'ദരിദ്രരുടെ മേൽനോട്ടക്കാരെ' നിയമിച്ചു. അവർ യോഗ്യത പരിശോധി ക്കുകയും അപേക്ഷകരെ തിരഞ്ഞെടുക്കുകയും ചെയ്തു. 1692-ൽ പാസ്സാക്കപ്പെട്ട തൊഴിൽശാലനിയമം പണിപ്പുരയിലെ അന്തേവാസികളുടെ പരിശീലനത്തിന് ചില വ്യവസ്ഥകൾ ഉണ്ടാക്കി.

എലിസബത്തൻ നിർധനനിയമത്തിന്റെ അടിസ്ഥാനത്തിലുള്ള ദരിദ്രരുടെ വർഗീ കരണം താഴെ കൊടുത്തിരിക്കുന്ന പട്ടികയിൽ കാണാം.

| ഇനം | മാനദണ്ഡം |
|---|---|
| ശരീരപ്രാപ്തിയുള്ള ദരിദ്രർ | തൊഴിൽശാലകളിലോ തിരുത്തൽ ശാലകളിലോ ജോലിയെടുക്കുന്നത് നിർബന്ധിതമാക്കി, ദാന ധർമങ്ങൾ സ്വീകരിക്കാൻ യോഗ്യരല്ല. |
| ബലഹീനരായ ദരിദ്രർ | ജോലിയെടുക്കാൻ കഴിയാത്തത് കൊണ്ട് ധർമശാ ലകളിൽ പാർപ്പിച്ചു (രോഗി, വൃദ്ധർ, അന്ധർ, ബധിരർ തുടങ്ങിയവർ) |
| ആശ്രിതരായ കുട്ടികൾ | അനാഥർ, ഉപേക്ഷിക്കപ്പെട്ടവർ, പരമ ദരിദ്ര കുടും ബത്തിൽനിന്നുള്ള കുട്ടികൾ |

### d. A.D. 1800 മുതൽ 1900 വരെ

ഈ കാലഘട്ടത്തിൽ, ആശ്രിതത്വം വളർത്തും എന്നുള്ളതിനാൽ എന്ത് ലക്ഷ്യ ത്തിനുവേണ്ടിയായാലും ഏതെങ്കിലും മേഖലയിൽ ഭരണകൂടം ഇടപെടുന്നത് പരമാവധി കുറക്കണം എന്ന് സാമൂഹിക ശാസ്ത്രജ്ഞനായ ആഡം സ്മിത്ത് അഭിപ്രായപ്പെട്ടു. 'സൗജന്യ സേവനം കൂടുതൽ ഉണ്ടെങ്കിൽ, കൂടുതൽ കുട്ടികൾക്ക് വേണ്ടിയുള്ള ആഗ്രഹത്തിലേക്ക് അത് നയിക്കും' എന്നായിരുന്നു ജനസംഖ്യ വർധനവിനെപ്പറ്റി സിദ്ധാന്തം ആവിഷ്കരിച്ച മാൽത്തൂസിന്റെ അഭി പ്രായം. അതിനാൽ ദാന പ്രവർത്തനങ്ങൾക്ക് അവസാനം കുറിക്കാൻ അദ്ദേഹം നിർദ്ദേശിച്ചു. റോയൽ കമ്മീഷന്റെ (1832) നിർദ്ദേശപ്രകാരം ശരീരപ്രാപ്തിയുള്ള വർ അവർക്കുവേണ്ടിയുള്ളവരുടെ പണിപ്പുരയിൽ ജോലി തുടരുകയും 1834 ൽ ചേരി നിവാസികൾക്ക് മികച്ച സഹായം ലഭ്യമാക്കുകയും ചെയ്തു. 1833-ലെ വ്യവ സായശാല നിയമത്തിൽ (Factorics Act 1833) വ്യവസായ തൊഴിലാളികൾക്ക് ഏറ്റവും കുറഞ്ഞ ക്ഷേമ സൗകര്യങ്ങൾ മാത്രമാണ് ലഭിച്ചത്.

## ചാരിറ്റി ഓർഗനൈസേഷൻ സൊസൈറ്റികളുടെ രൂപീകരണം

ചാരിറ്റി ഓർഗനൈസേഷൻ സൊസൈറ്റിയുടെ (COS) രൂപീകരണം ദാന-ധർമ പരിപാടികളുടെ ചരിത്രത്തിൽ ഒരു പ്രധാന നാഴികക്കല്ലായിരുന്നു.1869 ൽ രൂപീകൃതമായ ലണ്ടൻ ചാരിറ്റി സംഘടനാ സമൂഹം (London Charity Organization Society) ആയിരുന്നു ഇത്തരത്തിലുള്ള സംഘടനകളിൽ ആദ്യത്തേത്. ആവശ്യക്കാരെ ഫലപ്രദമായി സഹായിക്കാൻ താഴെ പറയുന്ന ഉപായങ്ങൾ അവർ കൈക്കൊണ്ടു.

i. ഭിക്ഷ നൽകുന്നത് നിർത്തലാക്കി.
ii. ദുരിതാശ്വാസ വിതരണം ഏകോപിപ്പിച്ചു.
iii. ഓരോ അപേക്ഷയും ശ്രദ്ധാപൂർവ്വം പരിശോധിച്ചു.
iv. അപേക്ഷകരുടെ സത്യസന്ധത വിലയിരുത്താൻ കൂടിക്കാഴ്ചകൾ സംഘടിപ്പിച്ചു.
v. ചികിത്സക്കുള്ള പദ്ധതികൾ രൂപീകരിച്ചു.

### ഭവന അധിവാസ പ്രസ്ഥാനം (Settlement House Movement)

ടോയൻബി ഹാൾ എന്ന പേരിൽ കാനൻ സാമുവൽ അഗസ്റ്റസ് ബാനെറ്റ് യൂണിവേഴ്സിറ്റി സെറ്റിൽമെന്റ് ഹൗസ് സ്ഥാപിച്ചു.
ഇതിന്റെ ലക്ഷ്യങ്ങൾ ഇവയാണ്:

i. ദരിദ്രരുടെ വിദ്യാഭ്യാസപരവും സാംസ്കാരികവുമായ വികസനം.
ii. ദരിദ്രർക്ക് അവരുടെ പുരോഗമനത്തിന് വേണ്ട വിവരങ്ങൾ നൽകുക.
iii. ആരോഗ്യപ്രശ്നങ്ങളെ കുറിച്ചും നിയമനിർമാണം നടത്തേണ്ടതിന്റെ ആവശ്യകതയെ കുറിച്ചും ബോധവൽക്കരണം നടത്തുക.

**e. A.D 1900 ശേഷം**

പുതുതായി രൂപീകൃതമായ ധർമ സംഘടനാ സംഘങ്ങൾ (Charity Organization Societies, COS) ഉദ്യോഗസംബന്ധ സാമൂഹ്യപ്രവർത്തനം ചെയ്യാനും സാമൂഹ്യ പ്രവർത്തകർക്ക് പരിശീലനം നൽകാനും ആരംഭിച്ചു. 1899-ൽ സാമൂഹ്യ പ്രവർത്തന പരിശീലനം അവതരിപ്പിക്കപ്പെടുകയും ആരംഭിക്കുകയും ചെയ്തു. തുടക്കത്തിൽ സിദ്ധാന്തവും പ്രയോഗവും സഹിതം സാമൂഹ്യ പ്രവർത്തനത്തിലുള്ള രണ്ട് വർഷ പരിശീലന പരിപാടികളാണ് ആരംഭിച്ചത്.

ബ്രിട്ടനിലെ സാമൂഹ്യ ക്ഷേമ പദ്ധതികളെ ചിട്ടപ്പെടുത്താൻ വേണ്ടി നടപ്പിലാക്കപ്പെട്ട പ്രധാന നിയമ രൂപീകരണങ്ങളെയാണ് താഴെയുള്ള പട്ടിക കാണിക്കുന്നത്.

| വർഷം | നിയമം | ഉദ്ദേശ്യം |
|---|---|---|
| 1905 | നിർധന നിയമ കമ്മീഷൻ | വൃദ്ധർക്കും തൊഴിൽ രഹിതർക്കും പെൻഷൻ, പൊതുജന തൊഴിൽ സേവനങ്ങൾ. |
| 1906 | ആഹാര നിയമം | സൗജന്യമായി ആഹാരം നൽകുക |
| 1907 | വിദ്യാഭ്യാസ നിയമം | സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ വൈദ്യ പരിശോധന. |
| 1911 | ദേശീയ ഇൻഷുറൻസ് നിയമം | കുറഞ്ഞ വരുമാന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന തൊഴിലാളികൾക്ക് നിർബന്ധിത ആരോഗ്യ ഇൻഷുറൻസ്. |
| 1925 | വാർദ്ധക്യകാല പങ്കാളിത്ത നിയമം | വാർദ്ധക്യ പെൻഷൻ |
| 1941 | ബെവറിഡ്ജ് കമ്മീഷൻ | സാമൂഹ്യ ഇൻഷുറൻസ്, പൊതു സഹായം, കുട്ടികളുടെജീവനാംശം. തുടങ്ങിയവ |
| 1944 | ഭിന്നശേഷിക്കാരുടെ (തൊഴിൽ) നിയമം | ഭിന്നശേഷിക്കാരായ വ്യക്തികളെ വാണിജ്യ സ്ഥാപനങ്ങളിലോ വ്യവസായ സ്ഥാപനങ്ങളിലോ നിയമിക്കുക. |

**നമുക്ക് പ്രവർത്തിക്കാം**



*ബ്രിട്ടനിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിണാമത്തെ സംബന്ധിച്ച് ഒരു സമയരേഖ തയാറാക്കുക .*

## B. അമേരിക്കൻ ഐക്യനാടുകളിലെ സാമൂഹ്യപ്രവർത്തനത്തിന്റെ ചരിത്രം

അമേരിക്കൻ ഐക്യനാടുകളിൽ സാമൂഹ്യ പ്രവർത്തനത്തിന്റെ ആദ്യകാല രൂപങ്ങൾ പുരാതനകാലം മുതൽ നിലനിന്നിരുന്നു. യു.എസ്.എ യിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ ചരിത്രം താഴെ പറയുന്ന ഘട്ടങ്ങളായി തരംതിരിക്കാം.

1). കൊളോണിയൽ കാലഘട്ടം (1620-1776)

2) ആഭ്യന്തര യുദ്ധവും വ്യവസായ വിപ്ലവവും (1776 - 1860)

3) വ്യവസായവൽക്കരണം- മനുഷ്യപക്ഷം(1860-1900)

4) സാമൂഹ്യ പ്രവർത്തനം, ഔദ്യോഗിക സ്വഭാവം തേടുന്നു (1900-1930)

5) ഉന്നത ഉദ്യോഗവൽകൃത വിജ്ഞാനശാഖ (1930 നു ശേഷം)

**ധർമ സംഘടനാ സംഘങ്ങൾ**

1877-ൽ യു.എസ്.എ യിലെ ബഫാലോയിൽ വെച്ച് ചാരിറ്റി സംഘടന സംഘ പ്രസ്ഥാനം ആരംഭിച്ചു. 15 വർഷത്തിനുള്ളിൽ 92 അമേരിക്കൻ നഗരങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിപ്പിക്കുക വഴി സംഘടിത ധർമ പ്രവർത്തന മേഖലയിൽ ന്യൂയോർക്ക് ചാരിറ്റി

സംഘടനാ സംഘം വിപ്ലവം സൃഷ്ടിച്ചു. ശാസ്ത്രീയ ചാരിറ്റി സമീപനം കുടുംബ പ്രശ്നങ്ങളെ മനസ്സിലാക്കാനും പരിഹരിക്കാനും ചാരിറ്റി സംഘടന സംഘങ്ങളെ പ്രാപ്തമാക്കി. 1878-ൽ ഫിലാഡെൽഫിയയിലും ബോസ്റ്റണിലും ആരംഭിച്ച ധർമ സംഘടനാ സംഘങ്ങൾ താഴെയുള്ള തത്വങ്ങൾക്കനുസരിച്ചാണ് പ്രവർത്തിച്ചത്:

i) ചാരിറ്റിക്ക് വേണ്ടിയുള്ള അപേക്ഷകൾക്ക് മേൽ വിശദമായ അന്വേഷണം.
ii) ഇരട്ടിപ്പ് ഒഴിവാക്കാൻ രജിസ്ട്രേഷന് കേന്ദ്രീകൃത വ്യവസ്ഥ.
iii) വിവിധ സാന്ത്വന സംഘങ്ങളുടെ സഹകരണം.
iv) സ്വയംസന്നദ്ധ സൗഹൃദ സന്ദർശകരുടെ വിപുലമായ ഉപയോഗം.

## ഭവന അധിവാസ പ്രസ്ഥാനം (Settlement House Movement)

ദ്രുതഗതിയിലുള്ള നഗരവത്കരണം, വ്യവസായവത്കരണം, കുടിയേറ്റം എന്നിവ അമേരിക്കയിൽ സോഷ്യൽ സെറ്റിൽമെൻറ് പ്രസ്ഥാനം ആരംഭിക്കുന്നതിന് കാരണമായി. അയൽപക്ക സംഘടനാ തന്ത്രങ്ങളിലൂടെയും കൂട്ടായ പ്രവർത്തനത്തിലൂടെയും യുക്തമായ ഇടപെടൽ കൊണ്ട് സാമൂഹ്യ സേവനത്തെയും സാമൂഹ്യ അഭിഭാഷണത്തെയും ഈ പ്രസ്ഥാനം ഇണക്കിച്ചേർത്തു. സെറ്റിൽമെൻറ് ഹൗസ് തൊഴിലാളികൾ അയൽപക്ക കേന്ദ്രങ്ങൾ സ്ഥാപിക്കുകയും പൗരത്വ പരിശീലനം, പ്രായപൂർത്തിയായവരുടെ വിദ്യാഭ്യാസം, കൗൺസിലിങ്, വിനോദം, പകൽ പരിപാലനം തുടങ്ങിയ സേവനങ്ങൾ പ്രദാനം ചെയ്യുകയും ചെയ്തു. സോഷ്യൽ ഗ്രൂപ്പ് പ്രവർത്തനം, സോഷ്യൽ ആക്ഷൻ, കമ്യൂണിറ്റി ഓർഗനൈസേഷൻ തുടങ്ങിയ സാമൂഹ്യ പ്രവർത്തന രീതികൾ സെറ്റിൽമെന്റ് ഹൗസ് മൂവ്മെന്റിൽ നിന്നാണ് ഉത്ഭവിച്ചത്.

## ശിശു ക്ഷേമ പ്രസ്ഥാനം

നിർമാണ വ്യവസായത്തിന്റെ ത്വരിതഗതിയിലുള്ള വളർച്ച കുട്ടികളുടെ ദയനീയാവസ്ഥയെ കൂടുതൽ വഷളാക്കി. ബാല സഹായസമൂഹം (Children Aid Society) (1853), കുട്ടികൾക്ക് നേരെയുള്ള ക്രൂരത തടയുന്നതിനുള്ള സംഘം (Society for the Prevention of Cruelty to Children) (1857) എന്നിവ ന്യൂയോർക്ക് നഗരത്തിൽ ആരംഭിച്ചു. ഇതാണ് ശിശുക്ഷേമ പ്രസ്ഥാനത്തിന്റെ രൂപീകരണത്തിലേക്ക് നയിച്ചത്. തെരുവുകളിൽ നിന്നും പരിമിത സൗകര്യങ്ങളുള്ള ഭവനങ്ങളിൽ നിന്നും കുട്ടികളെ രക്ഷിക്കുക എന്നതായിരുന്നു ഈ പ്രവർത്തക സംഘങ്ങളുടെ ലക്ഷ്യം.


**മേരി ഇ റിച്ച്മണ്ട്**

## അമേരിക്കൻ ഐക്യനാടുകളിലെ ഉദ്യോഗസംബന്ധ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന്റെ വികാസം

പ്രതിഫലം പറ്റുന്ന ജീവനക്കാരുടെ തൊഴിലും ധർമ സംഘടനാ സംഘങ്ങൾ (COS) അതിനായി നടത്തുന്ന പരിശീലനവും അസംഘടിത ധർമസാമൂഹ്യസേവനങ്ങളിൽ നിന്ന് വ്യസ്ഥാപിതവും സംഘടിതവുമായ സാമൂഹ്യ പ്രവർത്തനത്തിലേക്കുള്ള മാറ്റത്തിന് വഴിയൊരുക്കി. ന്യൂയോർക്ക് ധർമ സംഘടനാ സംഘം 1898-ൽ സംഘടിപ്പിച്ച അത്തരത്തിലുള്ള ആദ്യത്തെ പരിശീലന കേന്ദ്രം ഇന്നറിയപ്പെടുന്നത് കൊളംബിയ

സർവകലാശാല എന്ന പേരിലാണ്. ആശുപത്രി കേന്ദ്രീകൃത പരിശീലനങ്ങളും സാമൂഹ്യ പ്രവർത്തന സേവനങ്ങളും ഏതാണ്ട് ഇതേ സമയത്തു തന്നെയാണ് ബോസ്റ്റൺ ആശുപത്രിയിൽ ആരംഭിച്ചത്. ഒന്നാം ലോകമഹായുദ്ധം പാവങ്ങൾക്കിട യിൽ അത്യാഹിതങ്ങൾ വർദ്ധിപ്പിച്ചു. പരിണിതഫലമായി വിവിധ യുദ്ധകാല ചാരിറ്റി പരിപാടികൾ ആരംഭിക്കുകയും ക്ഷേമ നിയമങ്ങൾ പാസാക്കപ്പെടുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധം സോഷ്യൽ കേസ് പ്രവർത്തകർക്ക് അവരുടെ വൈദഗ്ധ്യം തെളിയിക്കാൻ അതുല്യമായ അവസരങ്ങൾ നൽകി.

റെഡ്ക്രോസ് ഭവനസേവനങ്ങളെ പോലെ യുദ്ധവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സാമൂഹ്യപ്രവർത്തനത്തിന്റെ കീർത്തി വർധിപ്പിച്ചു.

മേരി ഇ. റിച്ച്മണ്ടിനെ അമേരിക്കൻ ഐക്യനാടുകളിലെ പ്രഥമ ഉദ്യോഗസംബന്ധ സാമൂഹ്യ പ്രവർത്തകയായി പരിഗണിക്കാം. അവർ ബാൾട്ടിമോർ ധർമ സംഘടനാ സംഘത്തിന്റെ അസിസ്റ്റന്റ് ട്രഷറർ ആയി പ്രവർത്തിച്ചിരുന്നു. ചാരിറ്റി സംഘടനാ പ്രസ്ഥാനത്തിന്റെ പ്രവർത്തകയും അധ്യാപികയും സൈദ്ധാന്തികയുമൊക്കെയായി പിന്നീട് അവർ മാറി. റ്റോറൻറ്റോയിൽ നടന്ന ചാരിറ്റിയെ കുറിച്ചും കുറ്റവാളികളുടെ തിരുത്തലിനെ കുറിച്ചു മുള്ള ദേശീയ സമ്മേളനത്തിൽ സാമൂഹ്യ പ്രവർത്തകർക്ക് ഉദ്യോ ഗസംബന്ധ പരിശീലന പാഠശാലകൾ സ്ഥാപിക്കാൻ മേരി ഇ റിച്ച്മണ്ട് വാദിച്ചു.

ഹെയിൻ ആഡംസ് (Hane Addams), ഫ്ളോറൻസ് കെല്ലി (Florance Kelly), എഡിത്ത് (Edith) എന്നിവരെ പോലെയുള്ള സാമൂഹ്യ പ്രവർത്തകരുടെ മറ്റു കൂട്ടായ്മകൾ അയൽപക്ക സംഘടനകളുടെ പ്രവർത്തനനില മെച്ചപ്പെടുത്താനുള്ള നിയമങ്ങൾ കൊണ്ടുവരണമെന്ന് വാദിച്ചു. മേരി റിച്ച്മണ്ടിന്റെ 1917 ലെ 'സാമൂഹ്യ രോഗനിർണയം' (Social Diagnosis) എന്ന പുസ്തകം സാമൂഹ്യ പ്രവർത്തനത്തിന്റെ സൈദ്ധാന്തിക അടിത്തറയുടെ അടിസ്ഥാനശിലയായി പരിഗണിക്കപ്പെടുന്നു. അമേരിക്കയിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ രണ്ടാമത്തെയും മൂന്നാമത്തെയും സ്കൂളുകൾ യഥാക്രമം ചിക്കാഗോയിലും ബോസ്റ്റണിലും രൂപീകരിച്ചു. സ്കൂളുകൾക്കിടയിലെ ആശയവിനിമയം സുഗമമാക്കുന്നതിന് 1919 ൽ സാമൂഹ്യ പ്രവർത്തനത്തിന്റെ സ്കൂളുകളുടെ അമേരിക്കൻ സമിതി (The American Association of Schools of Social Work) സ്ഥാപിതമായി.

## C. ഇന്ത്യയിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിണാമം

ഇന്ത്യയിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ വ്യവസ്ഥാപിത വികാസത്തെ പല കാലഘട്ട ങ്ങളായി തരംതിരിക്കാം

### a. പുരാതന കാലഘട്ടത്തിലെ സാമൂഹ്യ പരിഷ്കരണം (2500 BC -AD 1200)

പുരാതന ഇന്ത്യയിൽ സാമൂഹ്യ സേവനത്തിന്റെ സ്വഭാവം ദാനധർമത്തിന്റേതായിരുന്നു. ദാനധർമങ്ങളെ കുറിച്ചുള്ള ഏറ്റവും പഴക്കമേറിയ പരാമർശങ്ങൾ കാണപ്പെടുന്നത് ഋഗ്വേദത്തിലാണ്. "ദാനം കൊടുക്കുന്നവൻ ഉജ്ജ്വലം തിളങ്ങട്ടെ" എന്ന ഋഗ്വേദ വചനം (അധ്യായം 1-XII, 2) ദാനധർമങ്ങളെ വളരെയധികം പ്രോത്സാഹിപ്പിക്കുന്നതാണ്. എല്ലാ വീട്ടുടമസ്ഥരും ദാനധർമങ്ങൾ ചെയ്യണമെന്ന് ഉപനിഷത്തുകൾ അനുശാസിച്ചു.

പുരാതന ഇന്ത്യയിൽ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ ചെയ്തിരുന്നത് *യജ്ഞങ്ങൾ* വഴിയാണ്. ഓരോരുത്തരും തങ്ങളാൽ കഴിയുന്നത് *യജ്ഞത്തിലേക്ക്* സംഭാവന ചെയ്തു. എല്ലാവർക്കും ക്ഷേമം എന്നതായിരുന്നു ഉദ്ദേശ്യം. ഒരുമിച്ചുള്ള പ്രവർത്ത

നത്തിന്റെ ആവേശം സ്ത്രീകൾക്കും പുരുഷന്മാർക്കും മനസ്സിലാക്കി കൊടുത്തിരുന്ന പഠനമുറികളായിരുന്നു യജ്ഞശാലകൾ. വിശേഷാധികാരമുള്ള വിഭാഗങ്ങൾ, പാവങ്ങ ൾക്കുവേണ്ടി സേവനം ചെയ്യുന്നത് ഒരു ധാർമിക കർത്തവ്യമാണ് എന്ന് ഭഗവത്ഗീത അനുശാസിക്കുന്നു. തങ്ങളുടെ എല്ലാ കഴിവുകൾ കൊണ്ടും സമൂഹത്തെ സേവിക്കുന്ന ഇങ്ങനെയുള്ള വ്യക്തികൾ എല്ലാ പാപങ്ങളിൽ നിന്നും മോചിതരാണ് എന്ന് വിശ്വസി ച്ചിരുന്നു. സ്വന്തം ആവശ്യത്തിന് മാത്രമായി ആഹാരമുണ്ടാക്കുകയും തങ്ങളുടെ നേട്ടങ്ങ ൾക്ക് വേണ്ടി ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നവർ പാപമാണ് ഭക്ഷിക്കുന്നത് എന്ന് ഗീതയിൽ (അധ്യായം 3-13) സൂചിപ്പിക്കുന്നു. മനുവിന്റെ അഭിപ്രായത്തിൽ ഭക്ഷണം ആദ്യം അതിഥിക്ക്, പിന്നീട് വേലക്കാരന് അതിനുശേഷം മാത്രമാണ് അവനും അവന്റെ ഭാര്യയും ഭക്ഷിക്കേണ്ടത്.

ദാന ധർമങ്ങൾ അധികാരി വിഭാഗങ്ങൾക്ക് നന്മയുടെ ഉപകരണമായി മാറുകയും അവ സ്വമനസ്സാലെ വിതരണം ചെയ്യപ്പെടുകയും ചെയ്തു. പിന്നീട്, വേദ കാലഘട്ടത്തിൽ ദാനം സ്ഥാപനവൽക്കരിക്കപ്പെടുകയും മത പ്രത്യയശാസ്ത്രങ്ങളുമായി ബന്ധിപ്പി ക്കപ്പെടുകയും ചെയ്തു. *പുണ്യം* ലഭിക്കാനായിരുന്നു ദാനം നൽകിയിരുന്നത്. 'പ്രജകളുടെ സന്തോഷത്തിലാണ് രാജാവിന്റെ സന്തോഷം കുടികൊള്ളുന്നത്' എന്ന് സൂചിപ്പിച്ചുകൊണ്ട് തന്റെ പ്രജകളുടെ സന്തോഷത്തിനും ക്ഷേമത്തിനും നേരെയുള്ള രാജാവിന്റെ കടമകളെ കൗടില്യൻ ഉയർത്തിക്കാട്ടുന്നു.

ഗോത്ര കാർഷിക ജീവിതത്തിൽ നിന്നും വർഗാധിഷ്ഠിത കാർഷിക സമ്പദ് വ്യവസ്ഥയി ലേക്കുള്ള ഇന്ത്യൻ സമൂഹത്തിന്റെ മാറ്റത്തെ ബുദ്ധിസം സ്വാധീനിച്ചു. *പുണ്യ*ത്തിനും *ദാന*ത്തിനും ബുദ്ധിസം വലിയ ഊന്നൽ നൽകി. ബുദ്ധകാലഘട്ടത്തിൽ, വിഭിന്നങ്ങളായ സാമ്പത്തിക ക്ഷേമ പ്രവർത്തങ്ങൾ നിർവഹിക്കുന്ന പ്രധാന സഹകരണ സംഘങ്ങളാ യിരുന്നു ഗിൽഡുകൾ (Guilds - തൊഴിൽ സംഘങ്ങൾ). ഗിൽഡുകൾ സമൂഹത്തിലെ അടിച്ചമർത്തപ്പെടുന്ന വർഗങ്ങൾക്ക് സാമൂഹ്യ സുരക്ഷ നൽകിയിരുന്നു. ബിംബിസാരൻ കാർഷിക, റോഡ് വികസനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകിയിരുന്നു.

ചരിത്ര ക്ലാസിൽ പഠിച്ച മഹാനായ അശോകന്റെ ക്ഷേമ പരിഷ്കരണങ്ങൾ ഓർക്കുന്നി ല്ലേ? എന്തൊക്കെയാണവ ?

- ..............................................................


മഹാനായ അശോകൻ


കനിഷ്കൻ

അശോകൻ സാമൂഹ്യ ക്ഷേമത്തിനായി സമഗ്രമായ ഒരു വ്യവസ്ഥിതി വികസിപ്പിച്ചെടുത്തു. സ്ത്രീകളുടെ ക്ഷേമം നോക്കിനടത്തുന്നതിന് ഒരു മേലധികാരിയെ നിയമിച്ചു. ധർമ-ഉന്നതാധികാര സമിതിയുടെ (High Commissioners of Charity) പൂർണമേൽനോട്ടത്തിന് കീഴിലായിരുന്നു ക്ഷേമ പരിപാടികൾ. സ്ത്രീകളുടെ ക്ഷേമം, ജയിൽപ്പുള്ളികളുടെ പുനഃരധിവാസം, ഗ്രാമ വികസനം, സൗജന്യ വൈദ്യ പരിചരണം, വേശ്യാവൃത്തി നിയന്ത്രണം, യാത്രക്കാർക്ക് വിശ്രമ ഭവനങ്ങൾ, കിണറുകൾ, റോഡുകൾ എന്നിവ പോലെയുള്ള പൊതു ഉപയോഗ വസ്തുക്കൾ ഏർപ്പാട്ചെയ്യൽ തുടങ്ങിയ മേഖലയിലെല്ലാം നിരവധി പരിഷ്കരണങ്ങൾ അവതരിപ്പിക്കപ്പെട്ടു.

ബുദ്ധവിഹാരങ്ങളും, സന്ന്യാസിമഠങ്ങളും, സ്തൂപങ്ങളും നിർമിക്കുന്നതിന് വേണ്ടി കനിഷ്കൻ ഉദാര സംഭാവനയും സഹായധനവും നൽകി. ആവശ്യജനവിഭാഗങ്ങളുടെ സഹായ പഠനകേന്ദ്രങ്ങളായിരുന്നു ഇവ. ഗുപ്തന്റെ കാലഘട്ടത്തിൽ കൂടുതൽ ക്ഷേമപ്രവർത്തനങ്ങൾ നിർവഹിക്കപ്പെട്ടു. പാവങ്ങൾക്ക് വേണ്ടി വീടുകൾ, അനാഥാലയങ്ങൾ, ഔഷധശാലകൾ, ആശുപത്രികൾ എന്നിവയെല്ലാം സ്ഥാപിച്ച പ്രബുദ്ധ ഭരണാധികാരിയായിരുന്നു ഹർഷ വർദ്ധനൻ.

**b. മധ്യ കാലഘട്ടത്തിലെ സാമൂഹ്യ പരിഷ്കരണം**

സമാധാനം നിലനിർത്തുക, ബാഹ്യ ആക്രമണങ്ങളിൽ നിന്ന് സംരക്ഷണം നൽകുക, നീതി ലഭ്യമാക്കുക എന്നിവയെല്ലാം ഒരു ഭരണകർത്താവിന്റെ ചുമതലകളിൽ ഉൾ പ്പെടുന്നു. ബാൽബനിലെ ഒരു കുലീനനായിരുന്ന മാലിക് അലി ദാനധർമങ്ങൾ നൽകുന്നതിൽ കേൾ വികേട്ടവൻ ആയിരുന്നു. ഗിയാസുദ്ദീൻ



മഹാനായ അക്ബർ ഹുമയൂൺ

തുഗ്ലക് ധർമിഷ്ഠനും മുഹമ്മദ് ഗവാൻ രാജാവ് തന്റെ എല്ലാസമ്പത്തും പാവങ്ങൾക്ക് വേണ്ടി ചെലവഴിക്കുകയും ലളിത ജീവിതം നയിക്കുകയും ചെയ്ത വ്യക്തിയുമായിരുന്നു. *സതി* നിരോധിക്കാൻ ധീരമായ ശ്രമം നടത്തിയ ആദ്യ രാജാവാണ് ഹുമയൂൺ. 1583- ൽ അടിമത്വത്തിന് വിരാമമിടുകയും, ഇന്ത്യൻ സമൂഹത്തിൽ ഒരുപാട് പരിഷ്കരണങ്ങൾ കൊണ്ടുവരികയും ചെയ്ത മഹാനായ ഭരണാധികാരിയായിരുന്നു അക്ബർ. മത കാര്യങ്ങളിൽ തന്റെ പ്രജകൾക്ക് പൂർണ സ്വാതന്ത്ര്യം നൽകുകയും മത സമത്വനയം കാത്തുസൂക്ഷിക്കുകയും ചെയ്തു അക്ബർ ചക്രവർത്തി. ഔറംഗസീബ് തന്റെ ജനതയുടെ ക്ഷേമങ്ങളിൽ ശ്രദ്ധിക്കുകയും വളരെ ലളിതമായ ഒരു ജീവിതം നയിക്കുകയും ചെയ്തു.

**c. ആധുനിക കാലഘട്ടത്തിലെ സാമൂഹ്യ പരിഷ്കരണം**

ഈ പ്രമുഖ പരിഷ്കർത്താക്കളെ തിരിച്ചറിയു.



*a.* ..................                *b.* ..................

പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും മഹാനായ ഇന്ത്യക്കാരനായിരുന്നു രാജാറാം മോഹൻ റോയ്. മതസാമൂഹ്യ പരിഷ്കരണത്തിന്റെ വിത്തു വിതച്ച ഇന്ത്യൻ നവോത്ഥാനത്തിന്റെ പ്രഭാത നക്ഷത്രമായിരുന്നു അദ്ദേഹം. അദ്ദേഹം തന്റെ അധികാരവും സ്വാധീനവും *സതി* നിർത്തലാക്കുന്നതിന് വേണ്ടിവിനിയോഗിച്ചു. വിധവപുനർവിവാഹത്തെയും സ്ത്രീ വിദ്യാഭ്യാസത്തെയും അദ്ദേഹം അനുകൂലിച്ചു.

വിധവ പുനർവിവാഹം, സാമ്പത്തിക സ്വയംപര്യാപ്തത, സ്ത്രീകളുടെ വിദ്യാഭ്യാസം, ബഹുഭാര്യത്വ നിരോധനം എന്നിവക്ക് വേണ്ടി ഈശ്വരചന്ദ്ര വിദ്യാസാഗർ വാദിച്ചു. മോഹൻ റോയിയുടെയും വിദ്യാസാഗറിന്റെയും കൂട്ടായ ശ്രമ ഫലമായാണ് 1856 ൽ വിധവാപുനർവിവാഹനിയമം പാസ്സാക്കപ്പെടുന്നത്.

ബോംബെക്കാരനായ പ്രൊഫസർ ബാൽ ശാസ്ത്രി ജൈൻ ഭാക്കർ *സതി*, പെൺ ശിശുഹത്യ പോലെയുള്ള ദുരാചാരങ്ങൾക്ക് എതിരെ പോരാടുകയും ഈ ആചാരങ്ങൾ നിർത്തലാക്കാൻ നിയമനിർമാണ ശ്രമം നടത്തുകയും ചെയ്തു. മറ്റൊരു ബോംബെക്കാരനായ ഗോപാൽ ഹരിദേശ്മുഖ് ആധുനിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയും ഔഷധ ശാലകൾ, മാതൃത്വ ഭവനങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയവ സ്ഥാപിക്കുകയും ചെയ്തു. സ്ത്രീകളുടെ വിദ്യാഭ്യാസവും വിധവപുനർ വിവാഹവും നടപ്പിലാക്കുന്നതിന് വേണ്ടി പ്രവർത്തിച്ച ബംഗാളിലെ ശ്രദ്ധേയനായ പരിഷ്കർത്താവായിരുന്നു ശശിപാദ ബാനർജി. അദ്ദേഹം അനേകം വിധവാ വിവാഹങ്ങൾ സംഘടിപ്പിക്കുകയും വിധവകൾക്ക് തന്റെ വാസസ്ഥലത്ത് അഭയം നൽകുകയും ചെയ്തു. സ്ത്രീകളുടെ വിദ്യാഭ്യാസത്തിന് വേണ്ടിയും മുസ്ലീങ്ങൾക്കിടയിലെ സാമൂഹ്യ ദുരാചാരങ്ങളെ തുടച്ചു നീക്കുന്നതിന്നും സർ സയ്യിദ് അഹമ്മദ്ഖാൻ വലിയ പങ്ക് വഹിച്ചു.

1920-ൽ ഗാന്ധിജി സാമൂഹ്യ രംഗത്തെന്ന പോലെ രാഷ്ട്രീയത്തിലും സജീവമായി. സാമൂഹിക രാഷ്ട്രീയ പരിഷ്കരണ ശ്രമങ്ങളുടെ സംയോജനത്തിന്റെ പ്രതീകമായി ഗാന്ധിജി മാറി. അദ്ദേഹം ദളിതരെയും സ്ത്രീകളെയും ഉയർത്തിക്കൊണ്ടുവരുന്നതിന് വേണ്ടി പ്രവർത്തിക്കുകയും സ്ത്രീപുരുഷസമത്വത്തിന് വേണ്ടി പോരാടുകയും ചെയ്തു. രാഷ്ട്രീയ സ്വാതന്ത്ര്യത്തോടൊപ്പം തന്നെ ദുരാചാരങ്ങളിൽ നിന്നുള്ള മോചനത്തിന്റെ ആവശ്യകതക്കും അദ്ദേഹം ഊന്നൽ നൽകി. ഗാന്ധിജിയുടെ സംഭാവനകളായ സർവോദയ, അന്ത്യോദയ, അഹിംസ സമരം, പഞ്ചായത്ത് രാജ് തുടങ്ങിയ കഴ്ച്ചപ്പാടുകൾക്ക് സാമൂഹ്യപ്രവർത്തനത്തിന്റെ തത്വചിന്തയുമായി വളരെയധികം ബന്ധമുണ്ട്.

## സംഘടനകളുടെ സംഭാവനകൾ


ബ്രഹ്മ സമാജം, പ്രാർത്ഥന സമാജം, ആര്യ സമാജം, തിയോസഫിക്കൽ സൊസൈറ്റി രാമകൃഷ്ണ മിഷൻ, മുഹമ്മദൻ ആംഗ്ലോ ഓറിയൻറ്റൽ സൊസൈറ്റി തുടങ്ങിയ പ്രധാന സംഘടനകൾ സാമൂഹിക പ്രവത്തനത്തിന്റെ വികാസത്തിൽ മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്. രാജാ റാം മോഹൻ റോയ് സ്ഥാപിച്ച ബ്രഹ്മസമാജം *സതി* നിർത്തലാക്കാനും, വിധവാ പുനർവിവാഹത്തിനും, സ്ത്രീകളുടെ ക്ഷേമത്തിനും വേണ്ടി പ്രവർത്തിച്ചു. 1875-ൽ സ്വാമി ദയാനന്ദ സരസ്വതിയാണ് ആര്യ സമാജം സ്ഥാപിച്ചത്. അദ്ദേഹം ജാതി വ്യവസ്ഥയെയും ശൈശവ വിവാഹത്തെയും എതിർത്തു. സർ സയ്യിദ് അഹമ്മദ് ഖാനാണ് മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ സൊസൈറ്റി സ്ഥാപിച്ചത്.

1881- ൽ മദ്രാസിൽ വെച്ച് മാഡം ബ്ലാവത്സ്കിയും കേണൽ ഓൾകോട്ടും ചേർന്നാണ് തിയോസഫിക്കൽ സൊസൈറ്റി സ്ഥാപിച്ചത്. 1857- ൽ സ്വാമിവിവേകാനന്ദൻ സ്ഥാപിച്ച രാമകൃഷ്ണ മിഷൻ വിദ്യാഭ്യാസം, ചികിത്സ, പൊതുസഹായം എന്നീ മേഖലകളിൽ പ്രവത്തിച്ചുകൊണ്ടാണ് അതിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഗോപാൽ കൃഷ്ണ ഗോഖലെ സമൂഹസേവനത്തിന് വേണ്ടി ഇന്ത്യൻ സമൂഹസേവകർ (Servants of India Society) എന്ന സംഘടന സ്ഥാപിച്ചു.

## ആധുനിക സാമൂഹ്യ പ്രവർത്തനം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ക്രിസ്ത്യൻ മിഷണറിമാരാണ് ഇന്ത്യയിൽ ആധുനിക സാമൂഹ്യ സേവനം അവതരിപ്പിച്ചത്. ക്രിസ്ത്യൻ മിഷണറിമാർ അനാഥർക്കും അഗതികൾക്കും വേണ്ടി വീട് നിർമിക്കാൻ ആരംഭിച്ചപ്പോൾ ശശിപാദ ബാനർജി, ഫൂലെ, കാർവെ എന്നിവരെ പോലെയുള്ള ഇന്ത്യൻ സാമൂഹികപരിഷ്കർത്താക്കൾ വിധവകൾക്ക് വേണ്ടി വീടുകൾ നിർമിച്ചു തുടങ്ങി. ആര്യ സമാജം, പ്രാർത്ഥന സമാജം, രാമകൃഷ്ണ മിഷൻ എന്നീ മത സാമൂഹികസംഘടനകൾ ഇന്ത്യയിൽ സുസ്ഥാപിത ക്ഷേമ സേവനങ്ങൾ നൽകുന്നതിൽ പ്രധാന പങ്ക് വഹിച്ചു.

## ഇന്ത്യയിലെ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസം




ഇന്ത്യയിലാദ്യമായി സാമൂഹ്യ പ്രവർത്തനത്തിലെ ഔദ്യോഗിക പരിശീലനം ആരംഭിച്ചത് 1936 ൽ സർ ദൊറാബ്ജി ടാറ്റ സ്കൂൾ ഓഫ് സോഷ്യൽവർക്ക്, മുംബൈയിലാണ്. ഇന്ന് അത് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS) എന്ന് പുനനാമകരണം ചെയ്യപ്പെട്ട കൽപിത സർവ്വകലാശാലയാണ്.

കേരളത്തിൽ സാമൂഹ്യ പ്രവർത്തന പരിശീലനം ആരംഭിച്ചത് 1954-ൽ തേവരയിലെ സേക്രട്ട് ഹാർട്ട് കോളേജിലാണ്. പിന്നീട് ഇത് കളമശേരിയിലെ രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിലേക്ക് മാറ്റപ്പെട്ടു. ഇന്ന് നിരവധി സർവകലാശാലകളും സ്ഥാപനങ്ങളും ബിരുദ, ബിരുദാനന്തര, എംഫിൽ, പിഎച്ച്ഡി തലങ്ങളിൽ സാമൂഹിക സേവനത്തിൽ പരിശീലനം നൽകുന്നു. കേരളത്തിൽ ഹയർ സെക്കണ്ടറി തലത്തിലുള്ള സാമൂഹ്യ പ്രവർത്തനത്തിന്റെ അവതരണം സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രയോഗ പരിശീലന രംഗത്ത് ഒരുപാട് മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇന്ത്യയെ പോലുള്ള ഒരു വികസ്വര രാജ്യത്ത് സാമൂഹ്യ-സാമ്പത്തിക, സാംസ്കാരിക, ആരോഗ്യ രംഗത്തും ഇവയുമായി ബന്ധപ്പെട്ട മേഖലകളിലും സാമൂഹ്യ പ്രവർത്തകർക്ക് വലിയ കടമകളുണ്ട്.

നാഷണൽ അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്കേഴ്സ് ഇൻ ഇന്ത്യ (NAPSWI), അസോസിയേഷൻ ഓഫ് സ്കൂൾ ഓഫ് സോഷ്യൽ വർക്ക് ഇൻ കേരള (ASSK), കേരള അസോസിയേഷൻ ഓഫ് പ്രൊഫഷണൽ സോഷ്യൽ വർക്ക് (KAPS) എന്നിവ സാമൂഹിക പ്രവർത്തന മേഖലയിലെ ചില പ്രധാന സംഘടനകളാണ്.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യ പ്രവർത്തന പരിശീലനത്തിനുള്ള ഇന്ത്യയിലെ ആദ്യത്തെ സ്ഥാപനം ഏതാണ്?
2. അമേരിക്കയിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിണാമത്തിലെ ഏതെങ്കിലും ശ്രദ്ധേയമായ മൂന്നു വികാസങ്ങൾ ചൂണ്ടിക്കാണിക്കുക.

**നമുക്ക് പ്രവർത്തിക്കാം**



*യു എസ് എ യിലെ സാമൂഹ്യ പ്രവത്തനത്തിന്റെ വികാസത്തെ കാണിക്കുന്ന ഒരു ഗോവണി തയാറാക്കുക. യു.കെ, യു.എസ്.എ, ഇന്ത്യ എന്നിവിടങ്ങളിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ ചരിത്രത്തെ കുറിച്ച് ഒരു ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുക.*

## 2.3 സാമൂഹ്യ പ്രവർത്തനവുമായി ബന്ധമുള്ള വിജ്ഞാന ശാഖകൾ

സാമൂഹ്യ പ്രവർത്തനത്തിന്റെ സൈദ്ധാന്തിക അടിത്തറയ്ക്ക് സഹായകമായ വിവിധ വിജ്ഞാന ശാഖകളെ പട്ടികപ്പെടുത്താമോ ?

- ...............................................................

സാമൂഹ്യ പ്രവർത്തന വിജ്ഞാനത്തിന്റെ സമഗ്രതയെ രൂപപ്പെടുത്തുന്നത് വിവിധ സാമൂഹ്യ ശാസ്ത്രങ്ങളാണ്. ജനങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക പരിസ്ഥിതികളെ കുറിച്ചുള്ള അടിസ്ഥാന അറിവ് അവ നൽകുന്നു. മാനസിക സാമൂഹിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്ന, താരതമ്യേന പുതിയതുമായ വിജ്ഞാനശാഖയാണ് സാമൂഹ്യപ്രവർത്തനം.മനശ്ശാസ്ത്രം, സമൂഹ ശാസ്ത്രം, സാമ്പത്തികശാസ്ത്രം, ചരിത്രം, രാഷ്ട്രമീമാംസ, മാനേജ്മെന്റ്, സാമൂഹ്യ നരവംശ ശാസ്ത്രം എന്നിവ പോലെയുള്ള പെരുമാറ്റ, സാമൂഹ്യ വിജ്ഞാന ശാഖകളുമായി വളരെയധികം ബന്ധപ്പെട്ടു നിൽക്കുന്നതാണ് ഈ തൊഴിലിന്റെ വൈജ്ഞാനിക അടിത്തറ. ഈ വിജ്ഞാനശാഖകൾ സാമൂഹ്യ പ്രവർത്തനത്തിന്റെ അഭ്യാസത്തിനും അറിവിനും ഒഴിവാക്കാൻ സാധിക്കാത്ത ഘടകമാണ്. പ്രശ്നങ്ങളെ പഠിക്കുന്നതിലും പരിഹരിക്കു

ന്നതിലും സമൂഹശാസ്ത്രപരവും മനഃശാസ്ത്രപരവും നരവംശശാസ്ത്രപരവും സാമ്പത്തികശാസ്ത്രപരവുമായ വിവരങ്ങളുടെ പ്രാധാന്യത്തെ ഒരു സാമൂഹ്യപ്രവർത്തകനും അവഗണിക്കാൻ കഴിയില്ല. അതിനാൽ സാമൂഹ്യ പ്രവർത്തനവുമായി ഈ വിജ്ഞാന ശാഖകൾക്കുള്ള ബന്ധത്തെക്കുറിച്ച് മനസ്സിലാക്കുന്നത് വളരെ പ്രധാനമാണ്.




**a. സമൂഹശാസ്ത്രം (Sociology)**

ഒരു മനുഷ്യന്റെ സാമൂഹ്യ ജീവിതത്തെ കുറിച്ചും ചുറ്റുപാടുമായുള്ള അവന്റെ/അവളുടെ ബന്ധത്തെ കുറിച്ചുമുള്ള പഠനത്തിലാണ് സമൂഹ ശാസ്ത്രം ശ്രദ്ധിക്കുന്നത്. സാമൂഹ്യ സാഹചര്യത്തെ കുറിച്ചുള്ള പഠനമാണിത്. സാമൂഹ്യ ബന്ധത്തിന്റെ ശൃംഖലയെ സമൂഹം എന്ന് വിളിക്കുന്നു. സമൂഹശാസ്ത്രം എന്ന വിഷയം താഴെ പറയുന്ന കാര്യങ്ങൾ ഉൾകൊള്ളുന്നു:

i. സാമൂഹ്യ രൂപശാസ്ത്രം: ജനസംഖ്യയും അതിന്റെ വിശേഷണങ്ങളും, സാമൂഹ്യ വിഭാഗങ്ങൾ, സാമൂഹ്യ സ്ഥാപനങ്ങൾ, സംഘടനകൾ.

ii. സാമൂഹ്യ പ്രക്രിയകൾ : സാമൂഹിക ഇടപെടലുകൾ സംഭവിക്കുന്ന സവിശേഷ മാർഗങ്ങൾ.

iii. സാമൂഹ്യ നിയന്ത്രണം: മതം, പാരമ്പര്യം, നാട്ടുനടപ്പുകൾ, നാട്ടാചാരങ്ങൾ, വിശ്വാസങ്ങൾ, നിയമങ്ങൾ തുടങ്ങിയവ.

iv. സാമൂഹ്യ രോഗലക്ഷണശാസ്ത്രം: കുറ്റകൃത്യം, ബാല അപചരണം, ആത്മഹത്യ, തൊഴിലില്ലായ്മ, അഴിമതി, സാംസ്കാരിക അപഥസഞ്ചാരം തുടങ്ങിയവ.

v. സാമൂഹ്യവൽക്കരണം: സാമൂഹ്യജീവിയിലേക്കുള്ള മനുഷ്യന്റെ വികാസ പ്രക്രിയ.

vi. സാമൂഹ്യ മാറ്റം: ജനങ്ങളുടെ ജീവിത ക്രമത്തിൽ സംഭവിക്കുന്ന പരിഷ്കാരം.

അതിനാൽ മനുഷ്യസംഘടനങ്ങൾ, കൂട്ടായ്മകൾ, അവരുടെ പരസ്പര ഇടപെടലുകൾ എന്നിവയെ കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് സമൂഹശാസ്ത്രമെന്ന് പറയാം.

ഒരു വ്യക്തിയുടെ സാമൂഹ്യ പരിസരത്തെക്കുറിച്ച് അറിയാതെ ഒരു വ്യക്തിയുടെ മാനസിക - സാമൂഹ്യ പ്രശ്നങ്ങൾ തിരിച്ചറിയുകയും പരിഹരിക്കുകയും ചെയ്യാൻ കഴിയില്ല എന്ന കാരണത്താൽ സാമൂഹ്യ പ്രവർത്തനത്തിന്റെ മിക്ക അറിവുകളും സമൂഹ ശാസ്ത്രത്തിൽ നിന്നാണ് ഉത്ഭവിച്ചിട്ടുള്ളത്.

### b. മനഃശാസ്ത്രം (Psychology)

മനുഷ്യ സ്വഭാവത്തിന്റെ പൊതു തത്വങ്ങളെ കുറിച്ചാണ് മനഃശാസ്ത്രം പഠിക്കുന്നത്. വ്യക്തിയെക്കുറിച്ചുള്ള സമ്പൂർണ പഠനമാണ് ഇത്. ഒരു വ്യക്തിയുടെ കേവല മനോ ഭാവങ്ങളെ സംബന്ധിക്കുന്നതാണ് മനശാസ്ത്രം. നാഡീവ്യൂഹത്തിന്റെ പ്രവർത്ത നത്തിന് ഇത് കൂടുതൽ ഊന്നൽ നൽകുന്നു. ഒരു പ്രത്യേക സാഹചര്യത്തിൽ ഒരു മനുഷ്യൻ എങ്ങനെ പെരുമാറുന്നു, എന്തുകൊണ്ട് അങ്ങനെ പെരുമാറുന്നു എന്നൊക്കെ മനസ്സിലാക്കാൻ മനഃശാസ്ത്രപഠനം നമ്മെ സഹായിക്കുന്നു. മനുഷ്യന്റെ പ്രവർത്തന ങ്ങളെ അവന്റെ/അവളുടെ മാനസിക ക്രമീകരണങ്ങൾ വളരെ അധികം സ്വാധീ നിക്കുന്നു. വ്യക്തിയുടെ വികാരങ്ങൾ, മനോഭാവം, ഭൂതകാല അനുഭവങ്ങൾ എന്നിവ അവന്റെ പ്രവർത്തനത്തെയും പ്രതികരണങ്ങളെയും തീരുമാനിക്കുന്നു. ഒരാളുടെ വ്യക്തിപരമായ തലങ്ങളിലേക്ക് കൂടുതൽ ഉൾക്കാഴ്ച നൽകാൻ മനഃശ്ശാസ്ത്രത്തിന് കഴി യും. മനഃശ്ശാസ്ത്രത്തിൽ മനുഷ്യസ്വഭാവം, പ്രചോദനം, അവബോധം എന്നിവയെ കുറിച്ച് പഠിക്കുന്നു. അതിനുപുറമേ സ്വഭാവരൂപീകരണത്തിന് കാരണമാകുന്ന ഘടക ങ്ങളെ ക്കുറിച്ച് വിവരിക്കുകയും ചെയ്യുന്നു. സേവന സ്വീകർത്താവിന്റെ സ്വഭാവത്തെ സ്വാധീനിക്കാൻ ശ്രമിക്കുന്ന വ്യക്തി എന്ന നിലയിൽ ഈ ഘടകങ്ങളെ കുറിച്ചുള്ള വിജ്ഞാനം സാമൂഹ്യ പ്രവർത്തകന് ആവശ്യമാണ്. സേവന സ്വീകർത്താക്കളെയും അവരുടെ സ്വഭാവങ്ങളെയും മനസ്സിലാക്കാൻ ഒരു വിജ്ഞാനശാഖ എന്ന നിലയിൽ മനഃശാസ്ത്ര ത്തെ സാമൂഹ്യ പ്രവർത്തന ഉദ്യോഗസ്ഥർ വളരെ അധികം ഉപയോഗിച്ചുവ രുന്നു.

### c. സാമ്പത്തികശാസ്ത്രം (Economics)

വ്യക്തികളുടെ സാമ്പത്തിക പ്രവർത്തനങ്ങൾ സാമ്പത്തികശാസ്ത്രത്തിന്റെ പഠന വിഷയമാണ്. സമ്പത്തിന്റെ ഉത്പാദനം, ഉപഭോഗം, കൈമാറ്റം, വിതരണം എന്നിവയു മായി സാമ്പത്തികശാസ്ത്രം ബന്ധപ്പെട്ട് കിടക്കുന്നു. ഒരാളുടെ വളർച്ചയിലും വികസന ത്തിലും ജീവിതത്തിലെ സാമ്പത്തികവശം പ്രധാന ഘടകമാണ്. വ്യക്തിയുടെയും സമൂഹത്തിന്റെയും പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ സാമൂഹ്യ ഇടപെടലുകളെക്കു റിച്ച് പഠിക്കുന്നത് അനിവാര്യമാണ്. എന്നാൽ സാമൂഹ്യ ഇടപെടലുകളെ സാമ്പത്തിക സ്ഥിതി സ്വാധീനിക്കുന്നു. സാമൂഹ്യപ്രവർത്തനം ഒരു വ്യക്തിയുടെ സാമ്പത്തിക ആവശ്യങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യന്റെ ആവശ്യങ്ങളെ കുറിച്ച് പഠിക്കുന്നു. ഈ ആവശ്യങ്ങൾ നിറവേറ്റിയിട്ടില്ലെങ്കിൽ അവ പ്രശ്നങ്ങൾ സൃഷ്ടിക്കു കയും അങ്ങനെ അവ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിധിയിൽ വരികയും ചെയ്യുന്നു.

### ഇ. രാഷ്ട്രമീമാംസ (Political Science)

രാഷ്ട്രമീമാംസയെ രാഷ്ട്രത്തെക്കുറിച്ചുള്ള ശാസ്ത്രമെന്ന് നിർവ്വചിക്കാം. രാജ്യത്തിന്റെ സ്വഭാവം, അതിന്റെ പ്രാധാന്യം, സംഘടനകൾ, നയങ്ങൾ, ഭരണതത്വങ്ങൾ ഇവയെ

ക്കുറിച്ച് അത് വിശദീകരിക്കുന്നു. ഒരു രാജ്യത്തിന്റെ രാഷ്ട്രീയ ജീവിതത്തെ സംബന്ധി ക്കുന്നതാണ് രാഷ്ട്രമീമാംസ. സമൂഹത്തിന്റെയും രാജ്യത്തിന്റെയും വിവിധ അവസ്ഥ കൾ ഒരാളുടെ വികസനത്തെയും സ്വഭാവത്തെയും സ്വാധീനി ക്കുന്നു എന്ന് സാമൂഹ്യ പ്രവർത്തനം എന്ന വിജ്ഞാനശാഖ വിശ്വസിക്കുന്നു. സാമ്പത്തികവും ധാർമികവും മതപരവുമായ ഇടപെടലുകളെയും പ്രതികരണങ്ങളെയും നിയന്ത്രിക്കാനുള്ള ശക്തി രാഷ്ട്രത്തിനുണ്ട്. സാമൂഹ്യ പ്രവർത്തനം മനുഷ്യ ബന്ധങ്ങൾക്കും ഇടപെടലുകൾക്കും ഊന്നൽ നൽകുന്നു. അതിനാൽ സാമൂഹ്യ പ്രവർത്തകന് രാഷ്ട്രത്തെ കുറിച്ചും അതിന്റെ വിവിധ അധികാരങ്ങളെക്കുറിച്ചുമുള്ള അറിവ് ആവശ്യമാണ്.
നിയമം ഉണ്ടാക്കുന്നതിലൂടെയോ നിലവിലുള്ള നിയമത്തെ മാറ്റുന്നതിലൂടെയോ ഒരുപാട് പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. ഇതിന് രാഷ്ട്രമീമാംസയുടെ പഠനം അനിവാര്യമാണ്.

## e. സാമൂഹ്യ നരവംശശാസ്ത്രം (Social Anthropology)

പേരുപോലെ നരവംശശാസ്ത്രം സൂചിപ്പിക്കുന്നത് മനുഷ്യനെ കുറിച്ചുള്ള പഠനത്തെ യാണ്. നരവംശശാസ്ത്രം മറ്റ് സാമൂഹിക-പ്രകൃതി-ശാസ്ത്രങ്ങളിൽ നിന്നും ഭിന്നമായി മനുഷ്യനെ സമ്പൂർണമായി പഠിക്കുന്നു. ഭൂമിയിൽ മനുഷ്യർ പ്രത്യക്ഷരായത് മുതലുള്ള അവരുടെ ഭൗതിക, സാമൂഹിക, സാംസ്കാരിക വികാസത്തെയും സ്വഭാവത്തെയും കുറിച്ചുള്ള ശാസ്ത്രീയ പഠനമാണ് നരവംശശാസ്ത്രം (ഐ എം ജേക്കബ്, ബി. ടി. സ്റ്റേൻ). സാമൂഹ്യ പ്രവർത്തനം ചെയ്യാൻ ഈ വിജ്ഞാനം അനിവാര്യമാണ്.
നരവംശ ശാസ്ത്രജ്ഞർ അവരുടെ പഠനങ്ങളിൽ സങ്കീർണമായ നഗരവൽകൃത സമൂഹങ്ങളോടൊപ്പം ലളിതമായ സാക്ഷരപൂർവ സമൂഹങ്ങൾക്കും അർഹമായ പരി ഗണന നൽകുന്നു. വിവിധ സമൂഹങ്ങളെയും സംസ്കാരങ്ങളെയും താരതമ്യം ചെയ്തുക്കൊണ്ടുള്ള പഠനങ്ങൾ നടത്തണമെന്ന് നരവംശശാസ്ത്രം നിർദേശിക്കുന്നു. ചുരുക്കി പറഞ്ഞാൽ, പ്രവർത്തന മേഖല അടിസ്ഥാനത്തിലും സാംസ്കാരിക താരതമ്യ രീതിശാസ്ത്രത്തിലൂടെയും സമഗ്രമായ കാഴ്ചപ്പാടിലൂടെ മനുഷ്യവംശത്തെ പഠിക്കുന്ന ഒരു ജൈവ-സാമൂഹികശാസ്ത്രമാണ് നരവംശശാസ്ത്രം.

സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾ, സാമൂഹ്യ സംഘടനകൾ, അവയുടെ മൂല്യങ്ങൾ, വിശ്വാസങ്ങൾ, ആചാരങ്ങൾ എന്നിവയെ സംബന്ധിച്ച വിവരങ്ങൾ സ്വീകരിക്കുകയും. ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ഗോത്ര ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കുകയും ചെയ്യുന്നു. പിന്നീട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി പ്രവർത്തന പദ്ധതി തയ്യാറാക്കുന്നു. ഈ വിജ്ഞാനം നരവംശശാസ്ത്രത്തിലൂടെ മാത്രമേ രൂപപ്പെടുകയുള്ളൂ.

**നിങ്ങളുടെ പുരോഗതി പരിശോധിക്കൂ**

1. സാമൂഹ്യ പ്രവർത്തനവുമായി അടുത്ത ബന്ധമുള്ള വിജ്ഞാനശാഖകളുടെ പട്ടിക തയ്യാറാക്കുക.
2. സാമൂഹ്യ പ്രവർത്തനവും സമൂഹശാസ്ത്രവും തമ്മിലുള്ള ബന്ധം എന്താണ്?

**നമുക്ക് പ്രവർത്തിക്കാം**



*സാമൂഹ്യ പ്രവർത്തനത്തിന്റെ വികാസത്തിൽ വിവിധ വിജ്ഞാനശാഖകളുടെ സ്വാധീനം കാണിക്കുന്ന ഒരു പവർ പോയിന്റ് അവതരണം തയാറാക്കുക.*

## നമുക്ക് സംഗ്രഹിക്കാം

ഈ അധ്യായത്തിൽ സാമൂഹ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട ആശയങ്ങൾ, ഒരു ഉദ്യോഗം എന്ന നിലയിൽ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിണാമം, മറ്റു വിജ്ഞാന ശാഖകളുമായുള്ള സാമൂഹ്യ പ്രവർത്തനത്തിന്റെ ബന്ധം എന്നിവയാണ് നാം ചർച്ച ചെയ്യുന്നത്. സാമൂഹ്യ സേവനം, സാമൂഹ്യ ക്ഷേമം, സാമൂഹ്യ പരിഷ്കരണം, സാമൂഹ്യ സുരക്ഷ, സാമൂഹ്യ നീതി, സാമൂഹ്യ ആരോഗ്യം, സാമൂഹ്യനിയമനിർമാണം എന്നിങ്ങനെയുള്ള സാമൂഹ്യപ്രവർത്തനവുമായി ബന്ധപ്പെട്ട ആശയങ്ങളെ കുറിച്ചും സാമൂഹ്യ പ്രവർത്തനത്തിന്റെ പ്രാധാന്യത്തെ കുറിച്ചുമാണ് ഈ അധ്യായത്തിന്റെ ആദ്യ ഭാഗത്ത് നാം ചർച്ച ചെയ്യുന്നത്.
നമ്മുടെ ദൈനംദിന ജീവിതത്തിൽ നാം ചെയ്യുന്ന സാമൂഹ്യ സേവനങ്ങൾക്ക് പ്രത്യേക പരിശീലനമൊന്നും ആവശ്യമില്ല. സാമൂഹ്യ ക്ഷേമം സൂചിപ്പിക്കുന്നത് വ്യക്തിക ളുടെയും സമുദായങ്ങളുടെയും മൊത്തത്തിലിലുള്ള സുസ്ഥിതിയാണ്. അത് സമൂഹ ത്തിലെ പിന്നോക്ക വിഭാഗങ്ങളെ ഉയർത്തിക്കൊണ്ടുവരുന്നതിൽ നിർണായക പങ്ക് വഹിക്കുന്നു. സാമൂഹ്യ സറാപനങ്ങളിലും സാമൂഹ്യ മൂല്യങ്ങളിലും സാമൂഹ്യ മനോഭാവത്തിലും മാറ്റങ്ങൾ കൊണ്ടുവരാനുള്ള ബോധപൂർവമായ ശ്രമമാണ് സാമൂഹ്യ പരിഷ്ക്കരണം. ജീവിതത്തിലെ മുൻകൂട്ടി കാണാൻ കഴിയാത്ത ആകസ്മികതകളിൽ നിന്നും സാമൂഹ്യ സുരക്ഷ നമുക്ക് സുരക്ഷിതത്വം നൽകുന്നു. സാമൂഹ്യ ഇൻഷുറൻസ്, സാമൂഹ്യ സഹായം എന്നീ രൂപത്തിലാണ് സാമൂഹ്യ സുരക്ഷ ലഭ്യമാകുന്നത്. നീതിയിലും പക്ഷപാതരാഹിത്യത്തിലും ഊന്നിയാണ് സാമൂഹികനീതി നിലകൊള്ളു ന്നത്. സമൂഹത്തിലെ അംഗങ്ങൾക്കിടയിലുള്ള പരസ്പരാശ്രയത്വം, പരസ്പരബന്ധം എന്നിവയുടെ പ്രാധാന്യത്തിനാണ് സാമൂഹ്യ ആരോഗ്യം ഊന്നൽ നൽകുന്നത്. സാമൂഹിക തിന്മകൾക്കെതിരെ ഔദ്യോഗിക നിയമങ്ങൾ ഉണ്ടാക്കുക എന്നതാണ് സാമൂഹ്യ നിയമ നിർമാണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ഈ അധ്യായത്തിന്റെ രണ്ടാം ഭാഗത്ത്, യു.കെ, യു. എസ്. എ, ഇന്ത്യ എന്നിവിടങ്ങളിലെ സാമൂഹ്യ പ്രവത്തനത്തിന്റെ ചരിത്രത്തിലൂടെയാണ് നമ്മൾ കടന്നുപോയത്. എ.ഡി. 1200–1500, എ.ഡി. 1501– 1600, എ.ഡി. 1601–1800, 1800–1900 എന്നിങ്ങനെ വിവിധ ഘട്ടങ്ങളിലൂടെ യു.കെയിലെ സാമൂഹ്യപ്രവർത്തനത്തിന്റെ പരിണാമം കടന്നു പോയി ട്ടുണ്ട്. എലിസബത്ത് രാജ്ഞിയുടെ നിർധന ദരിദ്രനിയമത്തിന്റെ അവതരണം യു.കെ.യിലെ സാമൂഹ്യ പ്രവർത്തന ചരിത്രത്തിൽ നാഴികക്കല്ലായിരുന്നു എന്ന് നമുക്ക് മനസ്സിലാ ക്കാൻ കഴിഞ്ഞു.

അമേരിക്കൻ ഐക്യനാടുകളിലെ സാമൂഹിക പ്രവർത്തനത്തിന്റെ ചരിത്രത്തെ കൊളോണിയൽ കാലഘട്ടം (1620-1776), ആഭ്യന്തരയുദ്ധവും വ്യവസായവൽക്കരണവും (1776-1860), വ്യവസായവൽകരണം- മനുഷ്യ പക്ഷം (1860-1900), ഉദ്യോഗ സ്വഭാവങ്ങൾ തേടുന്ന സാമൂഹ്യ പ്രവർത്തനം (1900-1930), ഉയർന്ന ഉദ്യോഗ വൽകൃതവിജ്ഞാനശാഖ (1930 മുതൽ) എന്നിങ്ങനെ വിഭജിച്ചിട്ടുണ്ട്. ധർമ സംഘടനാ സംഘങ്ങൾ, ഭവന അധിവാസ പ്രസ്ഥാനം ഉദ്യോഗ പരിശീലന കേന്ദ്രങ്ങളുടെ നടപ്പാക്കൽ എന്നിവ യു.എസ്.എ. യിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ വികാസത്തിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ന് കൊളംബിയ യൂണിവേഴ്സിറ്റി എന്നറിയപ്പെടുന്ന ന്യൂയോർക്ക് ചാരിറ്റി ഓർഗനൈസേഷൻ സൊസൈറ്റി (NYCOS) ആണ് 1898-ൽ ആദ്യമായി സാമൂഹ്യപ്രവർത്തന പരിശീലനം സംഘടിപ്പിച്ചത് മേരി ഇ റിച്ച്മണ്ട് ആണ് ഈ ഉദ്യോഗ രംഗത്തെ മുൻഗാമിയായി പരിഗണിക്കപ്പെടുന്നത്. പുരാതന കാലത്തും മധ്യകാലത്തും ആധുനിക കാലത്തും ഇന്ത്യയിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ വികാസം സാമൂഹ്യപരിഷ്കരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ബ്രഹ്മസമാജം, ആര്യസമാജം, തിയോസഫിക്കൽ സൊസൈറ്റി, രാമകൃഷ്ണ മിഷൻ, മുഹമ്മദൻ ആംഗ്ലോ ഓറിയന്റൽ സൊസൈറ്റി തുടങ്ങിയ സംഘടനകൾ ഇന്ത്യയിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ വികാസത്തിൽ പ്രധാന പങ്കുവഹിച്ചു. 1936 ൽ ഇന്ത്യയിൽ ആദ്യമായി സാമൂഹികസേവന പരിശീലനം നൽകാനായി മുംബൈയിൽ ആരംഭിച്ച സ്ഥാപനം ഇന്നറിയപ്പെടുന്നത് ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ് (TISS) എന്ന പേരിലാണ്.

സാമൂഹ്യ പ്രവർത്തനത്തിന്റെ വിജ്ഞാനാടിത്തറ വിവിധ വിജ്ഞാനശാഖകളുമായി ബന്ധപ്പെട്ടു കിടക്കുന്നു. സമൂഹ ശാസ്ത്രം, മനഃശാസ്ത്രം, സാമ്പത്തിക ശാസ്ത്രം, സാമൂഹ്യ നരവംശശാസ്ത്രം എന്നിവ പോലെയുള്ള മറ്റു വിജ്ഞാനശാഖകളും സാമൂഹ്യ പ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ കുറിച്ചാണ് അവസാന ഭാഗം ചർച്ച ചെയ്യുന്നത്.

## പഠനനേട്ടങ്ങൾ

- സാമൂഹ്യ പ്രവർത്തനവുമായി ബന്ധപ്പെട്ട അടിസ്ഥാന ആശയങ്ങൾ പരിചയപ്പെടൽ.
- സാമൂഹ്യ പ്രവർത്തനവും ബന്ധപ്പെട്ട ആശയങ്ങളും വേർതിരിച്ചറിയൽ.
- വിത്യസ്ത രാജ്യങ്ങളിലെ സാമൂഹ്യ പ്രവർത്തനത്തിന്റെ പരിണാമം മനസിലാക്കൽ
- സാമൂഹ്യപ്രവർത്തനത്തിലേക്കുള്ള വിവിധ വിജ്ഞാനശാഖകളുടെ സംഭാവനകൾ വിശകലനം ചെയ്യൽ.

## വിലയിരുത്തൽ ചോദ്യങ്ങൾ

1. സാമൂഹ്യപ്രവർത്തനവും അതുമായി ബന്ധപ്പെട്ട ആശയങ്ങളെയും കാണിക്കുന്ന ഒരു പട്ടിക തയ്യാറാക്കുക.

2. താഴെ നൽകിയിട്ടുള്ളവ ശരിയായ രീതിയിൽ ക്രമീകരിക്കുക

| A | B | C |
|---|---|---|
| 1869 | ദേശീയ ഇൻഷുറൻസ് നിയമം | സൗജന്യഭക്ഷണവിതരണം |
| 1941 | എലിസബത്ത് രാജ്ഞിയുടെ നിർധന നിയമം | ലണ്ടൻ ചാരിറ്റി ഓർഗനൈസേഷൻ സൊസൈറ്റി |
| 1911 | ഭക്ഷണ നിയമം | പൊതുസഹായം, കുട്ടികൾക്ക് അലവൻസ് |
| 1906 | സി.ഒ.എസി-ന്റെ രൂപീകരണം | തൊഴിലാളികൾക്ക് നിർബന്ധിത ആരോഗ്യഇൻഷുറൻസ് |
| 1601 | ബെവറിഡ്ജ് കമ്മീഷൻ റിപ്പോർട്ട് | ജനങ്ങളെ മൂന്നായി തരം തിരിച്ചു |

3. 'രാജാ റാം മോഹൻ റോയ് ഇന്ത്യയിലെ സാമൂഹ്യപ്രവർത്തനത്തിന്റെ വികാസത്തിൽ മുഖ്യസംഭാവനകളർപ്പിച്ച വ്യക്തിയായി പരിഗണിക്കപ്പെടുന്നു'. നിങ്ങളുടെ അഭിപ്രായം വ്യക്തമാക്കുക.

4. സാമൂഹ്യപ്രവർത്തനവും ബന്ധപ്പെട്ട വിജ്ഞാനശാഖകളും തമ്മിലുള്ള ബന്ധം കാണിക്കുന്ന വെൻ ഡയഗ്രം പൂർത്തിയാക്കുക.

